അതിനുപോലും ആഭ്യന്തരവകുപ്പുമന്ത്രി തയ്യാറല്ല. ഇതിൽ പ്രതിഷേധിച്ചു കൊണ്ട് ഞങ്ങൾ സഭ വിട്ടിറങ്ങിപ്പോവുകയാണ്. (പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭ വിട്ടിറങ്ങിപ്പോയി) .....
.....(ബഹളം).....

മി. സ്പീക്കർ : ഒരു പാർലമെൻറി ഡെമോക്രസിയിൽ പ്രൊട്ടസ്റ്റ് രേഖപ്പെടുത്താനും വാക്കൗട്ട് ചെയ്യാനുമുള്ള അവകാശം പ്രതിപക്ഷത്തിനുണ്ട്. ദയവായി ടോളറേറ്റ് ചെയ്യണം.

ശ്രീ. എ. സി. ജോസ് : സർ, ഞാൻ ഒരു സബ്മിഷൻ അവതരിപ്പിക്കുകയാണ്. ഇവിടെ പ്രതിപക്ഷം വാക്കൗട്ട് നടത്തിയത് ഗവൺമെൻറോ ബഹുമാനപ്പെട്ട മന്ത്രിയോ കടലാസ് മേശപ്പുറത്ത് വയ്ക്കാത്തതുകൊണ്ടല്ല, ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗിന് എതിരായാണ്. ആ കാര്യം മനസ്സിലാക്കണം.

മി. സ്പീക്കർ : ശ്രീ. ജോസ് ഇല്ലാത്തത് പറയേണ്ട. ഒരു പാർലമെൻറി സിസ്റ്റത്തിൽ വാക്കൗട്ട് നടത്തുകയെന്നത് പ്രതിപക്ഷത്തിൻറെ ഒരു അവകാശമാണ്. അവർ നടത്തിക്കോട്ടെ, അതിന് നിങ്ങൾക്ക് എന്താ?

റവന്യൂവകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, ഇവിടെ പ്രതിപക്ഷനേതാവ് പറഞ്ഞിട്ടുപോയത് ആഭ്യന്തരവകുപ്പുമന്ത്രി പറഞ്ഞ കാര്യം സത്യമല്ല, സത്യമാണെന്ന് ബോദ്ധ്യപ്പെടുത്താൻ നിവൃത്തിയില്ല എന്നാണ്. എന്നാൽ മര്യാദയുടെ പ്രശ്നം പറഞ്ഞ് അങ്ങോട്ട് പരിശോധിക്കാൻ അവകാശമുണ്ടെന്നും വേണമെങ്കിൽ പ്രതിപക്ഷനേതാവിനെ കാണിക്കാമെന്നും പറഞ്ഞ പശ്ചാത്തലത്തിൽ.....

Mr. Speaker : No Revenue Minister, the point is closed. Why you are trying to reopen it?

VIII നിയമനിർമ്മാണകാര്യം

ധനവിനിയോഗ ബില്ലുകളുടെ അവതരണവും അനന്തര ഘട്ടങ്ങളും

(1) 1986-ലെ കേരള ധനവിനിയോഗബിൽ

Minister for Finance and Law (**Shri K. M. Mani**) : Sir, I introduce the Kerala Appropriation Bill, 1986.

Mr. Speaker : The Bill stands introduced.

Minister for Finance and Law-(**Shri K. M. Mani**) : Sir, I move that the Kerala Appropriation Bill, 19 6, be taken into consideration.

Minister for Revenue (**Shri P. J. Joseph**) : Sir, I second it.

(2) 1986-ലെ കേരള ധനവിനിയോഗ (നമ്പർ-2) ബിൽ

Minister for Finance and Law (**Shri K. M. Mani**) : Sir, I introduce the Kerala Appropriation (No. 2) Bill, 1986.

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker : The Bill stands introduced.

Minister for Finance and Law (**Shri K. M. Mani**) : Sir, I move that the Kerala Appropriation (No. 2) Bill, 1986 be taken into consideration.

Minister for Home (**Shri Vayalar Ravi**) : Sir, I second it.

(3) 1986-ലെ കേരള ധനവിനിയോഗ (നമ്പർ-3) ബിൽ

Minister for Finance and Law (**Shri K. M. Mani**) : Sir, I introduce the Kerala Appropriation (No. 3) Bill, 1986.

Mr. Speaker : The Bill stands introduced.

Minister for Finance and Law (**Shri K. M. Mani**) : Sir, I move that the Kerala Appropriation (No. 3) Bill, 1986 be taken into consideration.

Deputy Chief Minister (**Shri K. Avukaderkutty Naha**) : Sir, I second it.

(4) 1986-ലെ കേരള ധനവിനിയോഗ (നമ്പർ-4) ബിൽ

Minister for Finance and Law (**Shri K. M. Mani**) : Sir, I introduce the Kerala Appropriation (No. 4) Bill, 1986.

Mr. Speaker : The Bill stands introduced.

Minister for Finance and Law (**Shri K. M. Mani**) : Sir, I move that the Kerala Appropriation (No. 4) Bill, 1986 be taken into consideration.

Minister for Transport (**Shri N. Sundaran Nadar**) : Sir, I second it.

ശ്രീ. കെ. എം. മാണി : സർ, എനിക്ക് ഈ വളരെ വൈകിയ സമയത്ത് കൂടുതലൊന്നും സംസാരിക്കുവാനില്ല. ഇത് സപ്ലിമെന്ററി ഡിമാൻറിന്റെ അപ്രോപ്രിയേഷൻ ബില്ലുകളാണ്. ഇത് പാസ്സാക്കിത്തരണമെന്ന് അപേക്ഷിക്കുകയാണ്.

ശ്രീ. ബേബി ജോൺ : സർ, ഈ ബില്ലുകളെല്ലാം ഒരുമിച്ചെടുക്കുകയാണോ?

മി. സ്പീക്കർ : അതെ, നാല് ബില്ലുകളും കൂടി ഒരുമിച്ചെടുക്കുകയാണ്.

ശ്രീ. ബേബി ജോൺ : സർ, ഈ വർഷത്തേത് പ്രത്യേകമുണ്ടോ?

മി. സ്പീക്കർ : അത് ഒരെണ്ണമേയുള്ളൂ. വോട്ട് ഓൺ അക്കൗണ്ടിന്റെ അപ്രോപ്രിയേഷൻ വരുന്നതേയുള്ളൂ.

ശ്രീമതി കെ. ആർ. ഗൗരി : സർ, വോട്ടിനിടുമ്പോഴെ ഇവ ഓരോന്നും പ്രത്യേകമായി ഇടണം.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

Dr. A. Subba Rao : Sir, This Government, which calls itself by the name 'United Democratic Front', is neither united nor democratic.

LIBRARY ARCHIVES Kerala Legislative Assembly

The very fact that each party in the front flings charges of corruption and mismanagement against each other itself is a clear indication of their disunity. About the democracy less said is better. The Government is not giving due importance to this House. Umpteen ordinances are passed; but these ordinances are not introduced to get them approved by this Assembly. The opposition is ignored in giving due representations in the development committee. I had repeatedly requested the Chief Minister that a representative of our party should be included in the Kasaragod District Development Council. But that has not been done; instead nearly eight to ten persons belonging to the Congress (I) and nearly four from the Muslim League are filled up in that Committee. You want the opposition parties to co-operate in all these developmental activities. But you are not ready to give representation to the opposition parties. You call yourself a democratic Government. How can you call yourself a democratic Government when you don't give due representation to the opposition? The very fact that the Home Minister was not prepared to lay the paper, just now, when certain allegations, were raised against the previous Chief Minister and wanted to suppress that paper itself proves that this Government doesn't believe in democracy but only in undemocratic methods. It is only our previlege that we asked the paper to be laid on the table of this House so that we can atleast prove our innocence. The leader of the opposition was ready to face any consequences. But you never cared to place that paper on the table of the House. Instead of that you clandestinely had leaked it to the paper. If that paper is really of utmost public interest then it has to be found out who was the person responsible to leak that paper and that man has to be taken to task. I charge that the Home Minister himself was responsible to raise this particular paper and he should be called before the House and must be condemned. This Government calls itself a democratic Government but we see the unity and democracy that they are following. Each party is bringing corruption charges against each other. Then you call yourself that you are a united democratic front. Where is your unity? May I ask our friends Mr. Ramesh Chennithala and Mr. Karthikeyan, the Congress (I) Members whether they are prepared to accept the Muslim League as a secular party. May I ask the Congress (I) youngsters whether they accept that the Kerala Congress is not a regional party. Are they prepared to go along with them? If they are ready to go along with them why are they asking or demanding or passing resolutions saying that their must be single party rule? If that is so, where is your unity? Where is your democracy? You are just burying democracy and claiming yourself that you are a big democratic party. You don't have democracy in your ruling front. But you have got only corruption-nothing but corruption. It is steeped in corruption. There are a number of reports with regard to the corruption against you. So many reports of scandals are coming out. Are you prepared to face these charges of corruption and scandals? No, you want to suppress it and just say that you are democratic.

LIBRARY ARCHIVES Kerala Legislative Assembly

Unfortunately I don't have enough time to speak on this subject. But I would like to say that any democratic Government should see that the backward areas are developed along with other areas. What have you done to the backward areas like the Kaseragod District? Have you developed the Kasaragod District? There is a Chandrabhanu Commission Report which recommended certain proposals for the development of that particular area. Actually to implement that recommendation of KADA was constituted. What have you done with regard to that? Have you implemented atleast one or two recommendations of the Chandrabhanu Commission Report? No, you did not do that. On the other hand you have just formed the Kasaragod District. You abolished the KADA which was instrumented for the development of the Kasaragod area. You have just allotted Rs. 1 crore to the four authorities for the next year. Last year there was absolutely nothing. You are saying that you are protecting the interests of the linguistic minorities. May I ask whether you have implemented those G.O.s which are intended to protect the interests of the linguistic minorities? No, you are not even publishing certain rules which are beneficial to the people. You are absolutely ignoring the rights of the linguistic minorities. At the same time you are not allowing them to proper; to come to the level of other people in this State. So there is discrimination. Discri nination against that particular area, discrimination against the linguistic minorities. Disunity among yourself; fighting with each other! And still you are claiming that you are a democratic Government. It is absolutely wrong. So this is an Appropriation Bill which has been brought by the unholy alliance of this Government. I oppose this with all my force at my commend.

ശ്രീ എ.സി. ജോസ് : സർ ഈ സഭയിൽ അവതരിപ്പിച്ച അപ്രോപ്രിയേഷൻ ബില്ലുകളെയെല്ലാം ഞാൻ പിൻതാങ്ങുകയാണ്. ബഡ്ജറ്റിനെക്കുറിച്ച് വളരെ വിശദമായി ഇവിടെ ചർച്ചകൾ നടന്നുകഴിഞ്ഞതാണ്, ചില കാര്യങ്ങൾ മാത്രം ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെയും ഗവൺമെൻറിന്റെയും ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാനാഗ്രഹിക്കുന്നു. ഇൻഡ്യയിലെ പഞ്ചവൽസര പദ്ധതികൾ ആറെണ്ണം പിന്നിട്ടുകഴിഞ്ഞിരിക്കുകയാണ്. 7-ാമത്തെ പഞ്ചവൽസര പദ്ധതിയുടെ രണ്ടാംവർഷത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. നിർഭാഗ്യവശാൽ മറെറല്ലാ സംസ്ഥാനങ്ങളേയും അപേക്ഷിച്ചുള്ള വികസനം നമുക്ക് കുറഞ്ഞിട്ടുണ്ടെന്നേ കാര്യം നാം സമ്മതിക്കാതെ നിവൃത്തിയില്ല മറെറല്ലാ സംസ്ഥാനങ്ങളിലും 6-ാം പഞ്ചവൽസര പദ്ധതിയെ അപേക്ഷിച്ച് 22-ഉം 24-ഉം ശതമാനം വലിപ്പം ഏഴാം പദ്ധതിക്ക് ഉണ്ടെങ്കിൽനമ്മുടെ പദ്ധതിയെ സംബന്ധിച്ചിടത്തോളം അത് 20 ശതമാനമായി കുറഞ്ഞുപോയി എന്ന കാര്യം നാം നാം ആലോചിക്കേണ്ടതാണ്. ഈ വളർച്ചയ്ക്കും ഈ തളർച്ചയ്ക്കും ഈ ചൊരുതാകലിനും മറും നാം മറെറാരെയും കുറെപ്പെടുത്തിയിട്ട് കാര്യമില്ല.

ഇത്തവണത്തെ ബഡ്ജറ് ചർച്ചയിൽ കേന്ദ്രത്തിനെ പഴിചാരുന്നതിന് ബഡ്ജറ് ചർച്ചയിൽ പങ്കെടുത്ത ഒരു പ്രതിപക്ഷ അംഗത്തിനും കഴിഞ്ഞില്ല. കാരണം 2100 കോടി രൂപ വരുന്ന നമ്മുടെ അടങ്കൽ പദ്ധതിയിൽ 1140 കോടി രൂപ കേന്ദ്രസഹായമായി നമുക്ക് ലഭിച്ചിട്ടുണ്ട്; ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞു ; മറും സംസ്ഥാനങ്ങൾക്കെല്ലാം 31 ശതമാനം

LIBRARY ARCHIVES Kerala Legislative Assembly

മാത്രം ലഭിക്കുന്ന അവസരത്തിൽ നമുക്ക് 54.3% കിട്ടിയെന്ന്. സർ, ഞാനിത് പറയുന്നത് ഒരു കാര്യം സൂചിപ്പിക്കാനാണ്, കഴിഞ്ഞവർഷം 1985-86 ഉം 1986-87-മായി ഏതാണ്ട് 553 കോടി രൂപയും 667.7 കോടി രൂപയും, കേന്ദ്ര സഹായമായി നമുക്ക് ലഭിച്ചിരിക്കുകയാണ്. അതായത് അദ്യത്തെ വർഷം 287 കോടി രൂപയും രണ്ടാമത്തെ വർഷം 207 കോടി രൂപയും നമുക്ക് ലഭിച്ചു. 1140 കോടി രൂപയുടെ ഏതാണ്ട് 50 ശതമാനത്തോളം ഈ രണ്ടു വർഷമായി നമുക്ക് ലഭിച്ചിരിക്കുകയാണ്. അടുത്ത മൂന്നു വർഷമാണ് പദ്ധതിയുടെ അവസാന കാലഘട്ടം. ആ ഘട്ടത്തിൽ ഏറ്റവും സജീവമായി, ത്വരിതഗതിയിൽ, പദ്ധതികൾ പൂർത്തീകരിക്കുന്നതിന് നമുക്ക് പ്രവർത്തനം നടത്തേണ്ടിവരും. അപ്പോൾ നമുക്ക് സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ടാകാതിരിക്കണമെങ്കിൽ വളരെ സൂക്ഷിച്ച് നമ്മുടെ കാര്യങ്ങൾ മുൻപോട്ട് കൊണ്ടുപോകേണ്ടിയിരിക്കുന്നു. നമ്മുടെ പദ്ധതിയടങ്കൽ കുറഞ്ഞുപോകുകയും വളർച്ച മുരടിക്കുകയും തൊഴിലില്ലായ്മ വർദ്ധിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ നാം അതിൽ ആരേയും കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. വിഭവസമാഹരണത്തിൽ (ഞാൻ ഒരു ധനകാര്യ മന്ത്രിയേയും ആ കാര്യത്തിൽ കുറ്റപ്പെടുത്തുന്നില്ല.) മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് നമുക്ക് മാർഗ്ഗങ്ങളില്ലാത്തതു കൊണ്ടും ഉള്ള മാർഗ്ഗങ്ങളെ ശരിയായി ചൂഷണം ചെയ്യാൻ കഴിയാത്തതുകൊണ്ടും നാം കുറേയേറെ പിന്നോട്ടു പോയിരിക്കുമെന്നുള്ളത് ഒരു വാസ്തവമാണ്. ഏറ്റവും കൂടുതൽ നികുതിഭാരം ചുമക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. അതുകൊണ്ടുതന്നെ നാം എന്തു കാര്യത്തെക്കുറിച്ച് ആലോചിച്ചാലും—വിഭവസമാഹരണത്തെക്കുറിച്ചാലോചിച്ചാൽ നാം ഉടനേ ചിന്തിക്കുന്നത് വില്പനനികുതിയെക്കുറിച്ചാണ്. ഈ വർഷവും ബഹുമാനപ്പെട്ട ധനകാര്യ മന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിൽ 32 കോടി രൂപയുടെ വില്പന നികുതിയെക്കുറിച്ചു പറയുന്നുണ്ട്. വിഭവസമാഹരണത്തെക്കുറിച്ച് ആലോചിക്കുമ്പോൾ കേരളം ഭരിച്ചിട്ടുള്ള എല്ലാ ധനകാര്യമന്ത്രിമാരും എത്തിച്ചേരുന്നത് വില്പനനികുതിയെന്ന് പറയുന്ന അക്ഷയപാത്രത്തിലാണ്. അറബിക്കഥയിലെ "എടുകുടുക്കേ ചോറും കറിയുമെന്നു പറഞ്ഞതുപോലെ നാം വന്നുചേരുന്നത് പിന്നെയും ഈ വില്പന നികുതി എങ്ങനെയാണ് എടുക്കേണ്ടത് എന്നുള്ളതിലാണ്. സർ, നമ്മുടെ സംസ്ഥാനത്തിലെ വരുമാനത്തിന്റെ 62 % വും വിൽപ്പനനികുതിയിൽ നിന്നാണ്. ഇവിടെ ധനകാര്യമന്ത്രി ചെയ്ത പ്രസംഗത്തിലൂടെ അദ്ദേഹം മുൻപോട്ടുവച്ച നികുതി നിർദ്ദേശങ്ങളിൽ നല്ലൊരു ശതമാനം ഇവിടത്തെ മേൽത്തട്ടുകാരെ മാത്രം ബാധിക്കുന്നതാണെന്ന് ഞാൻ സമ്മതിക്കുന്നു. പക്ഷേ അതിന്റെ ഫലം പൂർണ്ണമായും അങ്ങനെതന്നെ വരുന്നുണ്ടോ എന്നുള്ള കാര്യം നാം ആലോചിക്കണം. ഇവിടെ, വലിയ പണക്കാരും സൗകര്യമുള്ളവരും കാർ മേടിക്കുന്നത് പോണ്ടിച്ചേരിയിൽ നിന്നാണ്. ടെലിവിഷൻ വാങ്ങിക്കുന്നത് കോയമ്പത്തൂരിൽ നിന്നാണ്. വിഭവസമാഹരണത്തിനു നാം ഉദ്ദേശിക്കുന്ന സാധനങ്ങൾ നമ്മുടെ സംസ്ഥാനത്തിന്റെ മറ്റു ഭാഗങ്ങളിൽനിന്നാണ് വാങ്ങിക്കൊണ്ടു വരുന്നത്. അപ്പോഴും ഇതിന്റെ ഭാരം ആരുടെ പുറത്ത് വരുന്നു എന്നതിനെക്കുറിച്ച് നാം ആലോചിക്കണം. വില്പന നികുതി ശരിയായ രീതിയിൽ പിരിക്കാൻ നമുക്ക് കഴിയുന്നുണ്ടോ എന്ന് എനിക്ക് സംശയമാണ്. സർ, ഞാനൊരു കാര്യം പറയുന്നതിൽ ആർക്കും പരിഭവം തോന്നരുത്. കേരളത്തിലെ വില്പന നികുതിവിഭാഗം അടിതൊട്ടു മുടിവരെ അഴിമതിയിലും കുത്തഴിഞ്ഞ രീതിയിലുമായിരിക്കുന്നു എന്നതാണ് വാസ്തവം. ഇതിനെ പരിപൂർണ്ണമായി ഒന്ന് മാറ്റിയെടുക്കേണ്ട ചുമതല നമുക്കുണ്ട്- ജസ്റ്റീസ് വടക്കേൽ കമ്മീഷൻ നിർദ്ദേശിച്ച പരിഹാരമാർഗ്ഗങ്ങൾ നടപ്പാക്കിയിട്ടില്ല എന്നല്ല

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ പറയുന്നത്. പക്ഷേ ഈ അടുത്തകാലത്ത് കൊച്ചിൻ യൂണിവേഴ് സിറ്റി നടത്തിയ ഒരു പഠനത്തിൽ തെളിഞ്ഞുകണ്ടത്, വില്പന നികുതി യുടെ തന്നെ 50%, ഇനി ഒരു കാലത്തും പിരിച്ചെടുക്കാവാനാകാത്ത 50%, ഗവൺമെൻറ് തള്ളിക്കളഞ്ഞിരിക്കുന്നുവെന്നാണ്. സർ, ഇവിടെ ഒരു കാര്യം എനിക്ക് പറയാൻ ആഗ്രഹമുണ്ട്. കഴിഞ്ഞ ഒരു വർഷം കേന്ദ്രഗവൺ മെൻറിൻെറ കേന്ദ്ര ധനകാര്യമന്ത്രിയെ ലോകത്തിലുള്ള മുഴുവൻ പത്രങ്ങളും പ്രശംസിക്കാനുള്ള ഒരു കാരണമുണ്ടായി, എന്തെന്നാൽ, കഴിഞ്ഞ ബഡ്ജ റിൽ (1985-86) അദ്ദേഹം പ്രതീക്ഷിച്ചിരുന്ന നികുതി 3478 കോടിയായി രുന്നുവെങ്കിൽ അദ്ദേഹം പിരിച്ചെടുത്തത് 3649 കോടിയാണ്. അതു പോലെതന്നെ കേന്ദ്ര എക്സൈസിൽനിന്ന് കേന്ദ്രഗവൺമെൻറിന് കിട്ടുമെന്ന് പ്രതീക്ഷിച്ചിരുന്നത് 20,335 കോടി രൂപയായിരുന്നുവെങ്കിൽ അവിടെ പിരി ച്ചെടുത്തത് 22,216 കോടി രൂപയാണ്. എനിക്ക് ഗവൺമെൻറിനോട് അഭ്യർത്ഥിക്കുവാനുള്ളത് എന്തെന്നാൽ, കൂടുതൽ നികുതിഭാരം ചുമത്താതെത ന്നെ മുഴുവൻ നികുതിയും പിരിച്ചെടുക്കണമെന്നും ആ നികുതി തരേണ്ട ആളു കളിൽ നിന്ന് അത് പിരിച്ചെടുക്കുവാനുള്ള പരിശ്രമം നടത്തണമെന്നുമാണ്. കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ പഠനം ശരിയാണെങ്കിൽ, 50 ശതമാനം വില്പനനികുതി നമുക്ക് കിട്ടാക്കുറിയായി കിടക്കുന്നതുമാത്രം പിരിച്ചെ ടുക്കുകയാണെങ്കിൽ നമ്മുടെ ബുദ്ധിമുട്ടുകൾ പലതും മാറുമെന്നുള്ള അഭി പ്രായക്കാരനാണ് ഞാൻ. ഗുലാത്തിക്കമ്മീഷൻ ഇവിടെ ചില നിർദ്ദേശങ്ങൾ വച്ചു. വില്പനനികുതിയിൽ തട്ടിപ്പു നടക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു ഇനമായ റബ്ബറിൻെറ കാര്യത്തിൽ കുത്തകസംഭരണം ഏർപ്പെടുത്തണ മെന്ന് ഗുലാത്തിക്കമ്മീഷൻ നിർദ്ദേശിച്ചിരുന്നു. ആ നിർദ്ദേശം ഇതുവരെ നടപ്പാക്കിയിട്ടില്ല. അത് നടപ്പിലാക്കണമെന്നാണ് എനിക്കഭ്യർത്ഥിക്കു വാനുള്ളത്. നമ്മുടെ സെയിൽസ്ടാക്സ് ഡിപ്പാർട്ടുമെൻറ് ഒരു സ്ട്രീം ലൈൻ ചെയ്യുകയും അത് പൂർണ്ണമായി നിയന്ത്രണത്തിലാക്കുകയും ചെയ് താൽ നമ്മുടെ വരുമാനം വർദ്ധിപ്പിക്കാൻ കഴിയുമെന്ന കാര്യം നാമാരും വിസ്മരിക്കരുത്. അതുപോലെതന്നെ നമ്മുടെ നാട്ടിലെ അബ്കാരി നയം.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: അങ്ങ് ഇതിൽ വിദഗ്ധമായ ഒരു ക്ലാസ് എടുത്താൽ ഞങ്ങൾ അതിൽ വന്ന് അറൻഡ് ചെയ്യാൻ തയ്യാറാണ്.

ശ്രീ. എ. സി. ജോസ്: അത് മനസ്സിലാകുന്ന ആളുകളോടാണ് സംസാരിക്കുന്നതെന്നാണ് എൻെറ വിശ്വാസം. കുറച്ചുചേട്ടന് മനസ്സിലായില്ലെങ്കിൽ എന്നോടു പൊറുക്കണമെന്ന് പറയുകയേ എനിക്ക് നിവർത്തി യുള്ളൂ.

സർ, അബ്കാരിയാണ് ഇവിടത്തെ ഏറ്റവും പ്രധാനപ്പെട്ട വരുമാന മാർഗ്ഗങ്ങളിലൊന്ന്. ഈ അബ്കാരിയെ സംബന്ധിച്ചിടത്തോളം പറ ഞ്ഞാൽ കഴിഞ്ഞ കുറേ കൊല്ലങ്ങളായി സ്പിരിറ്റുകൊണ്ട് വിഷമലീനസമാണ് നമ്മുടെ കേരളത്തിലെ സമൂഹം മുഴുവൻ എന്നുള്ള അഭിപ്രായക്കാരനാണ് ഞാൻ. എല്ലാ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം അത് വിഷമലീനസമാ ക്കുന്നു. സ്പിരിറ്റും കള്ളുവ്യവസായവുമെല്ലാം നമ്മുടെ സാമൂഹ്യ-സാംസ് ക്കാരിക മണ്ഡലങ്ങളുമായി ബന്ധപ്പെട്ടിരിക്കുകയാണ്. അതുകൊണ്ട്, ഇതിനൊരു ശാശ്വതമായ പരിഹാരം ഉണ്ടാകണമെന്ന അഭിപ്രായക്കാരനാണ് ഞാൻ. എനിക്ക് ഒരു കാര്യം പറയുവാനുള്ളത് നമ്മളാരും അതിനെ നിർ ഭയമായി സമീപിക്കുന്നില്ല. നമ്മളാരും ഇതിനെ സത്യസന്ധമായി സമീ പിക്കുന്നില്ല. നമുക്ക് ഒരു അബ്കാരി നയം ഉണ്ടാക്കുന്നതിനുവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

6 മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്ന നിർദ്ദേശത്തോടുകൂടി ഒരു അബ്കാരി നയരൂപീകരണക്കമ്മീഷൻ ഈ ഗവൺമെൻറ് ഉണ്ടാക്കി, ഇതിന് ശാശ്വതമായ ഒരു പരിഹാരം ഉണ്ടാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഒരു നയരൂപീകരണം ഇക്കാര്യത്തിലുണ്ടാകണം. വർഷാവർഷം കുറുങ്ങൻ അപ്പം പങ്കുവയ്ക്കുന്നതുപോലെ പങ്കുവയ്ക്കാതെ കണ്ട്, അബ്കാരിയെ സംബന്ധിച്ചിടത്തോളം സത്യസന്ധമായി നിർഭയമായി പ്രവർത്തിക്കണം. സർ, ഇത് ഒഴിവാക്കാൻ ആര് വിചാരിച്ചാലും സാധിക്കുകയില്ല.

നമ്മുടെ സമുദായങ്ങളുമായും നമ്മുടെ ഗാത്രവുമായും അങ്ങേയറ്റം ബന്ധപ്പെട്ടുകിടക്കുന്ന ഒന്നാണ് മദ്യനിരോധനം. അതിനെക്കുറിച്ച് പറയാൻ കഴിയും. മദ്യനിരോധനം നല്ലതാണെന്ന് വാദിക്കാൻ കഴിയും. പക്ഷേ കേരളത്തിന്റെ പ്രത്യേകമായ സാമൂഹ്യ കെട്ടുപാടുകളിൽ അത് കഴിയുമോ? അത് കഴിയാതിരിക്കുന്നിടത്തോളം കാലം സത്യസന്ധമായും ഇതിനെ കാണുവാനും ഇതിനാവശ്യമായ നിയമനിർമ്മാണം നടത്തുവാനും കഴിയണം.

1972-ൽ ഉണ്ടാക്കിയ അബ്കാരി നിയമമാണ് ഇന്നും നിലനിൽക്കുന്നത്. അത് ചീഞ്ഞു നാറിയിരിക്കുന്നു, അത് പഴകി തുരുംപിച്ചിരിക്കുന്നു. അതിന് ആവശ്യമായ മാറ്റങ്ങൾ ഉണ്ടാക്കണം ഇപ്പോൾ അനുവദിച്ചിരിക്കുന്നത്ര സ്പിരിറ്റുകൊണ്ട് ഒരു ചാരായക്കച്ചവടക്കാരന് മൂന്നു മാസം പോലും വിൽക്കാൻ തികയുകയില്ല. നമ്മളെല്ലാവരും കണ്ണടച്ച് പൂച്ച പാല് കുടിക്കുന്നതുപോലെ, ഏതു ഗവൺമെൻറ് മാറിവന്നാലും അതിനാവശ്യമായ ഒത്താശകൾ ചെയ്തുകൊടുക്കുകയും കണ്ണടച്ചിരുട്ടാക്കുകയുമാണ് ചെയ്യുന്നത്. അതിനെ മാറ്റിയെടുക്കാൻ, അതിനെക്കുറിച്ച് പഠിക്കാൻ കള്ള് വ്യവസായം എന്തായിരിക്കണം, ചാരായവ്യവസായം എന്തായിരിക്കണം. വിദേശമദ്യം എന്തായിരിക്കണം. എന്നതിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് ചെയ്യുന്നതിനുവേണ്ടി ഒരു കമ്മീഷനെ നിയമിക്കണമെന്ന് ഞാൻ ശക്തിയുക്തമായി അഭ്യർത്ഥിക്കുകയാണ്. ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി അത് സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു. 110.72 കോടി രൂപയാണ് ഈ വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ്. 119.72 കോടി രൂപ കിട്ടുന്നു. 1984-85-ൽ 100 കോടി രൂപ, 1985-86-ൽ 109 കോടി രൂപ, 1986-87-ൽ 119.72 കോടി രൂപ നാം മേടിച്ചു. ആരും ഒന്നുമറിയുന്നില്ല. എല്ലാവരും കണ്ണടച്ച് പാല് കുടിക്കുന്ന പൂച്ചകളാകാതെ അതിനെക്കുറിച്ച് പറയണം.

ഒരു കാര്യം ഞാൻ ഓർമ്മപ്പെടുത്തുകയാണ്. നമ്മുടെ ഗൾഫിലെ സഹോദരൻമാർ ഓരോരുത്തരായി വന്നു പോകുകയാണ്. അവരെല്ലാം അവിടെ നിന്ന് തിരിച്ചുവരുന്ന ദിവസത്തെക്കുറിച്ച് ഞാൻ ഭയപ്പെടുന്നു. അതുകൊണ്ട് നമ്മുടെ സമ്പദ്ഘടനയിലെ ശരിയായി നടപ്പിലാക്കി വിഭവസമാഹരണം നടത്താൻ ശ്രമിക്കണം. ഒരു കാര്യം കൂടി ധനകാര്യമന്ത്രിയെ ഓർമ്മപ്പെടുത്തുന്നു. ഇൻഡ്യയിലെ മൊത്തത്തിലുള്ള വർദ്ധനവ്, വളർച്ച 4.3 ശതമാനമാണ്. മറ്റു പല സംസ്ഥാനങ്ങളിലും പഞ്ചവൽസര പദ്ധതി കൊണ്ടുള്ള വളർച്ച 5 ശതമാനമാണ്. ഇവിടെ ഉണ്ടായിരിക്കുന്നത് 1.6 ശതമാനമാണ്. നമ്മളെല്ലാവരും കൂടി ആലോചിച്ചുകൊണ്ട്. നമ്മുടെ പദ്ധതികൾ നല്ല രീതിയിൽ നടപ്പിലാക്കത്തക്ക ഭരണ സംവിധാനം സ്ട്രീംലൈൻ ചെയ്തു മുന്നോട്ടു പോകണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് ഈ അപ്രോപ്രിയേഷൻ ബില്ലിനെ പിൻതാങ്ങുന്നു.

ശ്രീ. ടി. എസ്. ജോൺ : സർ, ഈ അപ്രോപ്രിയേഷൻ ബില്ലുകളെ ഞാൻ അനുകൂലിക്കുന്നു. നമ്മുടെ സംസ്ഥാനത്തെ ഡിമാൻറിൽ പാസ്സാക്കിയ തുക എങ്ങനെ ചെലവഴിക്കുന്നുവെന്നുള്ളതാണ് പ്രശ്നം. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ കാലഘട്ടത്തിലെ

LIBRARY ARCHIVES Kerala Legislative Assembly

കാര്യങ്ങൾ നോക്കിയാൽ മറെറാരു ഗവൺമെൻറിൻെറ കാലത്തും ചെയ്തിട്ടില്ലാത്ത രീതിയിലുള്ള സാമൂഹ്യപ്രവർത്തനങ്ങൾ ഈ കാലഘട്ടത്തിൽ നടന്നുവെന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. "കിടപ്പാടമില്ലാത്തവർക്ക് കിടപ്പാടം, വീടില്ലാത്തവർക്ക് വീട" എന്ന മുദ്രാവാക്യം പ്രാവർത്തികമാക്കുന്നതിനുവേണ്ടി കഴിഞ്ഞ കാലഘട്ടത്തിൽ പ്രവർത്തിച്ചിട്ടുണ്ടെന്ന് മനസ്സിലാക്കാൻ സാധിക്കും. 8000 കുടുംബങ്ങൾക്ക് കിടപ്പാടമില്ലാത്തവർക്ക് കിടപ്പാടം കൊടുക്കാൻ ഈ ഗവൺമെൻറിൻെറ കാലഘട്ടത്തിൽ കഴിഞ്ഞു. അതുപോലെതന്നെ ലക്ഷം വീടിൻെറ കാര്യം. മൂന്ന് നാല് കൊല്ലംകൊണ്ട് 60,000 വീടുകൾ ശ്രീ. എം. എൻ. ഗോവിന്ദൻ നായരുടെ കാലത്ത്, 1973-ൽ നമുക്ക് ഉണ്ടാക്കാൻ കഴിഞ്ഞുവെങ്കിൽ ഇന്ന് ഇതാ ആറുമാസക്കാലത്തിനകം ലക്ഷത്തിൽപ്പരം വീടുകൾ വീടില്ലാത്തവർക്കു വേണ്ടി ഉണ്ടാക്കുന്നു. ഈ കണക്കിന് പോയാൽ അടുത്ത അഞ്ചുവർഷത്തിനകം കേരളത്തിൽ കിടപ്പാടമില്ലാത്തവർക്ക് കിടപ്പാടവും വീടില്ലാത്തവർക്ക് വീടും ഉണ്ടാക്കിക്കൊടുക്കാൻ കഴിയുമെന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. ഇവിടെ ശ്രീ. ബേബി ജോൺ പറയുന്നതു കേട്ടു, നിങ്ങൾ പറഞ്ഞാൽ ഉദ്യോഗസ്ഥൻമാർ എങ്ങനെ വിശ്വസിക്കും, എങ്ങനെ പ്രവർത്തിക്കും, ഭരണസ്തംഭനമാണ് എന്നൊക്കെ. ഇവിടെ ഒരു സ്തംഭനവുമില്ല. ഇവിടെ എല്ലാ മേഖലകളും ഭംഗിയായി പ്രവർത്തിക്കുന്നുണ്ട്. മുൻകാലഘട്ടങ്ങളിൽ ഒരു ഗവൺമെൻറും ചെയ്തിട്ടില്ലാത്ത തരത്തിലുള്ള പ്രവർത്തനങ്ങളാണ് ഇവിടെ നടക്കുന്നതെന്ന് ഇതിൽനിന്ന് വ്യക്തമാണ്. ഇങ്ങനെ ഈ ഗവൺമെൻറ് പ്രവർത്തിക്കുന്നു. അനഭിമതരായിട്ടുള്ള രണ്ടു പേർ ഇവിടെ വന്നു, അതിൽ ഈ ഗവൺമെൻറ് പഴുളിച്ച കാണിച്ചു എന്നൊക്കെ ഈ നിയമസഭാസമ്മേളനം ആരംഭിച്ചപ്പോൾ പറഞ്ഞു. ഇന്നത്തെ സ്ഥിതിയോ ? അനഭിമതരായിട്ടുള്ള ആളുകൾ ഈ ഗവൺമെൻറിൻെറ കാലഘട്ടത്തിൽ മാത്രമല്ല വന്നത് ബഹുമാന്യനായ പ്രതിപക്ഷനേതാവ് നായനാർ ഇവിടെ മുഖ്യമന്ത്രിയായിരുന്ന കാലഘട്ടത്തിലും ഇവിടെ വന്നിട്ടുണ്ടെന്നു വ്യക്തമായി. അക്കാലത്ത് സ്വീകരിച്ച നടപടി എന്താണ്, ഇക്കാലത്ത് സ്വീകരിച്ച നടപടിയെന്താണ് എന്നതിനെക്കുറിച്ച് നമുക്ക് ആലോചിക്കാം. അക്കാലത്ത് സ്വീകരിച്ച നടപടി എന്താണ് ? ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് മുഖ്യമന്ത്രിയായിരുന്ന കാലഘട്ടത്തിൽ അനഭിമതനായിട്ടുള്ള ഒരു വ്യക്തി ഇവിടെ വന്നു (കെ. ജി. ബി. ഏജൻറ്) ഇപ്പോൾ വന്ന ആളിനേക്കാൾ കുഴപ്പക്കാരനാണ് അയാൾ.

ശ്രീമതി കെ. ആർ. ഗൗരി : അന്ന് ഞങ്ങൾ സ്വീകരിക്കാൻ പോയില്ല. നിങ്ങൾ സ്വീകരിക്കാൻ പോയില്ലേ ? കാശും വാങ്ങിച്ച് ഗവൺമെൻറിനെ മറിക്കാനല്ലേ വന്നത് ?

ശ്രീ. ടി. എസ്. ജോൺ : ശ്രീമതി ഗൗരിയമ്മ കാശ് മേടിച്ചെന്ന് എനിക്ക് പറയാൻ പറ്റില്ല. നിങ്ങളുടെ പാർട്ടിയിൽത്തന്നെ പലരും മേടിച്ചിട്ടുണ്ട്. ശ്രീ. കൃഷ്ണനുൾപ്പെടെ പലരും കോടിക്കണക്കിന് രൂപ വാങ്ങിയിട്ടുണ്ട്. .... (ബഹളം)..... ..... ശ്രീമതി ഗൗരിയമ്മ മേടിച്ചിട്ടില്ല. ഗൗരിയമ്മയുടെ പാർട്ടിക്കാർ മേടിച്ചിട്ടുണ്ട്. ഞാൻ അതിലേക്ക് കടക്കുകയാണ്. അനഭിമതരായിട്ടുള്ള ആളുകൾ ബഹുമാനപ്പെട്ട നായനാർ മുഖ്യമന്ത്രിയായിരുന്ന കാലഘട്ടത്തിലും ഇവിടെ പ്രവേശിച്ചു. അന്ന് അദ്ദേഹം എന്താണ് ചെയ്തത് ? അന്ന് ഒരു അനേഷണം നടത്തിയെന്ന് സമ്മതിക്കുന്നു. ശ്രീ. പങ്കജാക്ഷൻ പ്രസംഗിച്ചതൊക്കെ ഞാൻ കേട്ടുകൊണ്ടിരിക്കുകയായിരുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷ

LIBRARY ARCHIVES Kerala Legislative Assembly

നേതാവിനെ ആ ഫയൽ കാണിക്കാമെന്ന് പറഞ്ഞു. അദ്ദേഹം അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ അന്വേഷണം നടത്തി. അദ്ദേഹം ചെയ്തതെന്താണെന്ന് ശ്രീമാൻ പങ്കജാക്ഷനറിയാമോ ? അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ ചെയ്തത് ആ കുറ്റം ചെയ്ത ഉദ്യോഗസ്ഥൻമാരെ സെൻഷ്വർ ചെയ്തിരിക്കുന്നു. എന്തൊരു വലിയ ശിക്ഷയാണ് കൊടുത്തിരിക്കുന്നത്? ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ കുറ്റംചെയ്ത ഉദ്യോഗസ്ഥൻമാരെ ഈ ഗവൺമെന്റ് ഇതിനകംതന്നെ സസ്പെന്റ് ചെയ്തിരിക്കുന്നു. പിന്നെയും അന്വേഷണം നടത്തുകയാണ്. ഞാൻ രണ്ടു കാലഘട്ടത്തിലും നടന്ന സംഭവങ്ങളെ താരതമ്യപ്പെടുത്തുകയാണ്. നാണമില്ലേ നിങ്ങൾക്ക് ഇതുപറയാൻ ? ഞാൻ കഴിഞ്ഞ ദിവസംതന്നെ ശ്രീ. ബേബി ജോണിനോട് പറഞ്ഞു. ഈ പ്രശ്നങ്ങൾ ഇവിടെ ചർച്ചചെയ്യുന്നത് ശരിയല്ലെന്നും ഇതിന് കുറ്റവാളികളായ ഉദ്യോഗസ്ഥൻമാരെ കണ്ടുപിടിച്ച് ശിക്ഷിക്കണമെന്നും. ശ്രീ. നായനാരുടെ കാലഘട്ടത്തിൽ ആ ഉദ്യോഗസ്ഥൻമാരെ സെൻഷ്വർ ചെയ്യുകയാണ് ചെയ്തത്. ഈ കാലഘട്ടത്തിൽ ഇതിനകംതന്നെ ഉദ്യോഗസ്ഥൻമാരെ സസ്പെന്റ് ചെയ്തു. ഇതുപോലുള്ള കാര്യങ്ങൾ ഇവിടെ ചർച്ചചെയ്താൽ നമ്മൾ ഉദ്ദേശിക്കുന്നതിനേക്കാൾ കൂടുതൽ സാമുദായികസംഘർഷം വെളിയിൽ ഉണ്ടാകും. അതിന് നേതൃത്വം നൽകുന്നത് നിങ്ങളാണ്.

നിങ്ങളുടെ കാലഘട്ടത്തിൽ ചെയ്തത് എന്താണ് ? നിങ്ങളുടെ കാലത്ത് സെൻഷ്വറിംഗ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാ
5 p. m. വിനോട് എനിക്ക് ഒരഭ്യർത്ഥനയുണ്ട്. അദ്ദേഹമിവിടെ പറഞ്ഞു കൊളമ്പിൽനിന്ന് വന്ന ആൾ, ബോംബെയിൽ വന്നിറങ്ങിയിട്ടാണ് ഇവിടെ വന്നതെന്ന്. ഞാൻ കേട്ടത് അതാണ്. അദ്ദേഹം പറഞ്ഞത്, ബോംബെയിൽ നിന്ന് വന്ന ആൾ കേരളത്തിൽ വന്നിരിക്കുന്നു, ബോംബെയിലാണ് ഇറങ്ങിയത്, ബോംബെക്കാരാണ് കുഴപ്പം കാണിച്ചത് എന്നാണ്. കൊളംബിൽ നിന്നാണെന്ന് രവി പറഞ്ഞു. ഞാൻ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് രാജിവയ്ക്കണമെന്ന് പറയുന്നില്ല, ആവശ്യപ്പെടുന്നില്ല. ഈ സഭയിൽ പ്രതിപക്ഷത്തിന്റെ നേതാവായിട്ടുള്ള ബഹുമാനപ്പെട്ട ഇ. കെ. നായനാരോട് എനിക്ക് ഒരഭ്യർത്ഥനയുണ്ട്. അദ്ദേഹം ഈ നിയമസഭയെ, ബോംബെയിൽ നിന്നു വന്നുവെന്ന് പറഞ്ഞ് തെറ്റിദ്ധരിപ്പിച്ചിട്ടുണ്ടെങ്കിൽ, കൊളംബിൽ നിന്നാണ് ഇവിടെ വന്നതെന്നുള്ള ആഭ്യന്തരമന്ത്രിയുടെ സ്റ്റേറ്റുമെന്റാണ് ശരിയെങ്കിൽ, ഈ നിയമസഭയെ തെറ്റിദ്ധരിപ്പിച്ചതിന് അങ്ങ് unconditional apologies ഈ സഭയോട് പറയണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

സുപ്രധാനമായ ഒരു സംഭവം കൂടിയുണ്ട്. ട്രെയിനിൽ കൈബോംബ് വച്ചു—എന്തിന് ? കെ. പി. പ്രഭാകരന്റെയുമൊക്കെ ബഹളം ഞാൻ കണ്ടതാണ്. നിങ്ങൾ അധികാരത്തിലിരുന്നപ്പോൾ സെൻഷ്വറിംഗ് മാത്രമാണ് നടത്തിയത്. ഇപ്പോൾ സസ്പെന്റ് ചെയ്ത് അന്വേഷണം നടത്തിക്കൊണ്ടിരിക്കുന്നു, തക്കതായ നടപടി നടത്തുന്നു. ഉദ്യോഗസ്ഥൻമാർക്കെതിരായി ശക്തമായ നടപടി നടത്തിക്കൊണ്ടിരിക്കുന്നു. ഇന്നലെ ട്രെയിനിൽ ഒരു ബോംബു പൊട്ടി..... ബഹളം..... തമിഴ്നാട്ടിലേക്ക് പോയിക്കൊണ്ടിരുന്ന ട്രെയിനിൽ ബോംബ് പൊട്ടി. പ്രതിപക്ഷങ്ങളും ആരെങ്കിലും അത് ഉന്നയിച്ചോ ? പ്രതിപക്ഷങ്ങളും അത് കണ്ടില്ല. ഇന്നലത്തെ ദിവസത്തിന്റെ പ്രത്യേകതയെന്താണ് ? ഞങ്ങളും സമരം നടത്തി. ഞങ്ങളും ഇരുപത്തയ്യായിരം പേർ സമരം നടത്തി. ഒരു ട്രെയിനും ഓടിയില്ല. നിങ്ങളുടെ സമരംമൂലം ഒരൊറ്റ ട്രെയിനും ഈ രാജ്യത്ത് ഓടാതിരുന്നില്ല. വെറും പതിനേഴായിരം പേരോ മറ്റോ പോയി

LIBRARY ARCHIVES Kerala Legislative Assembly

സമരം നടത്തിയെന്നാണ് പറഞ്ഞത്. മാർക്സിസ്റ്റ് പാർട്ടി തകർന്നിരിക്കുന്നു—ട്രെയിൻ സമരത്തിൽ. നിങ്ങൾ കഴിഞ്ഞകാലങ്ങളിലെ സമാധാനപരമായ സമരത്തിൽനിന്നുമാറി ഇപ്പോൾ മറെറാരു സമരലൈൻ സ്വീകരിച്ചിരിക്കുകയാണ് എന്നാണെനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. അക്രമപരമായ സമരമാർഗ്ഗം കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടി ഇന്ന് ഈ രാജ്യത്ത് സ്വീകരിച്ചുവരുന്നു. അവർ ട്രെയിനിൽ ബോംബു വച്ചിരിക്കുന്നുവെന്ന്, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും, പ്രതിപക്ഷാംഗങ്ങളും അടിയന്തിര പ്രമേയം അവതരിപ്പിക്കാതിരുന്നതുകൊണ്ടു തന്നെ സംശയത്തിന് ഇടനൽകുന്നു. അതുകൊണ്ട് നിങ്ങളുടെ അക്രമ രാഷ്ട്രീയം അവസാനിപ്പിക്കുക. അക്രമ സമരങ്ങൾ അവസാനിപ്പിച്ചു. കൊണ്ട്, സത്യസന്ധമായി പ്രശ്നങ്ങളെ കാണാൻ നിങ്ങൾ മുമ്പോട്ടു വരണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ അപ്രോപ്രിയേഷൻ ബില്ലിനെ അനുകൂലിച്ചുകൊണ്ട് നിറുത്തുന്നു.

ശ്രീ. വി. സി. കബീർ : സർ, ധനകാര്യമന്ത്രി ഇവിടെ അവതരിപ്പിച്ച ധനവിനിയോഗ ബില്ലുകളെ ഞാൻ എതിർക്കുന്നു. ഇവിടെ ശ്രീ. വയലാർ രവിയെന്നു പറയുന്ന ആഭ്യന്തരമന്ത്രി ഒരു കൂറൻ കാളയെപ്പോലെ കൊമ്പു കുലുക്കി ബഹളമുണ്ടാക്കിയത് കണ്ടു. 1980-ൽ ഉള്ള ഒരു കടലാസ് പൊക്കിപ്പിടിച്ച് അദ്ദേഹംതന്നെ ചോർത്തിക്കൊടുത്ത പത്രത്തിൽ വരുത്തിയ കാര്യമാണ് ഇന്നിവിടെ ചർച്ചാവിഷയമായത്. അതിനൊക്കെ മറുപടിയുണ്ട്. അദ്ദേഹത്തിന്റെ കീഴിലുള്ള പോലീസിന്റെ സ്ഥിതിയെന്താണ് ? ആഭ്യന്തരവകുപ്പിന് പണം അനുവദിക്കണം. ദുർവിനിയോഗം ചെയ്ത പണം അനുവദിച്ചുകൊടുക്കണമെന്ന് ഇവിടെ ആവശ്യപ്പെട്ടു. കട്ടവനെ കണ്ടില്ലെങ്കിൽ കണ്ടവനെ പിടിക്കുമെന്നുള്ളതാണ് ഇവിടത്തെ പോലീസിന്റെ നയം. മലബാറിനെ നടുക്കിയ ഒരു കൊലക്കേസുണ്ടായി, സുജാത വധക്കേസ്. ജഗന്നൂർ സുജാത വധക്കേസ്. അച്ചുറത്തിരിക്കുന്ന പല മന്ത്രിമാർക്കും ഇപ്പോൾ ഞെട്ടലുണ്ടാകും. ഏഴു മാസമായ, രണ്ടു കുട്ടികളുടെ മാതാവായ സുജാതയെ വധിച്ചിട്ട്, ഇന്നുവരെ അതിന് ഉത്തരവാദികളായ പ്രതികളെ പിടിക്കുന്നതിന് ഈ ഗവൺമെൻറിന് സാധിച്ചിട്ടില്ല. അതുമായി ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥൻമാരൊക്കെ ലക്ഷക്കണക്കിന് രൂപ കൈക്കൂലി വാങ്ങി. നിരപരാധികളെ പിടിച്ചുകൊണ്ടുപോയി ശംഖ് കൊണ്ടും ലാത്തികൊണ്ടും ഇടിച്ചും, ചവുട്ടിയും ക്ഷയരോഗികളാക്കിയ പല ചെറുപ്പക്കാരും ഇന്നും ചികിൽസയിലാണ്. ആ കേസുമായി ബന്ധപ്പെട്ട ഒരു വിദ്യാർത്ഥിയെ അറസ്റ്റു ചെയ്തു. 7 കൊല്ലം മുമ്പ് കോളേജിൽ പഠിക്കുമ്പോൾ സുജാത എന്ന കോളേജ് കുമാരിക്ക് ലൗവ് ലറർ കൊടുത്തു എന്നുള്ളതിന്റെ പേരിലാണ് നിരപരാധിയായ ആ വിദ്യാർത്ഥിയെ പിടിച്ചുകൊണ്ടുപോയി പോലീസ് ഇടിച്ച്, ക്ഷയരോഗിയാക്കിയത്. ആ വിദ്യാർത്ഥിയുടെ കയ്യിൽ നിന്നും ഒരു ലക്ഷത്തി നാൽപ്പതിനായിരം രൂപ പോലീസ് ഉദ്യോഗസ്ഥൻമാർ കൈക്കൂലി വാങ്ങി. എന്നിട്ട് ആ പോലീസ് ഉദ്യോഗസ്ഥൻമാരെ സസ്പെൻറ് ചെയ്തുവെന്ന് പറയുന്നു. ഇന്ന് ആ പോലീസ് ഉദ്യോഗസ്ഥൻ പറയുന്നു അയാളെ സസ്പെൻറ് ചെയ്തിട്ടില്ല, അയാൾ ഇപ്പോൾ സർവ്വീസ്സിലാണെന്ന്. ആഭ്യന്തരവകുപ്പിന് തന്റേടമുണ്ടോ അന്വേഷിക്കാൻ ?

പുനലൂരിൽ ഇതുപോലെതന്നെ സാറാമ്മ വധക്കേസുണ്ടായി സാറാമ്മ വധക്കേസിൽ, മീശപോലും മുളയ്ക്കാത്ത 8-ാം ക്ലാസ് വിദ്യാർത്ഥിയെയാണ് ഒന്നാം പ്രതിയായിട്ട് അറസ്റ്റ് ചെയ്തത്. നാണമുണ്ടോ ഈ പോലീസിന് ? എന്നിട്ട് നാട്ടുകാർ പ്രക്ഷോഭമുണ്ടാക്കി.

LIBRARY ARCHIVES Kerala Legislative Assembly

സ്കൂളിൽ അദ്ധ്യാപകരും വിദ്യാർത്ഥികളും പ്രക്ഷോഭമുണ്ടാക്കി. പുനലൂർ പട്ടണം നിശബ്ദമായി, നിശ്ചലമായി. അതിന്റെ അടിസ്ഥാനത്തിൽ ബാബു എന്നു പറയുന്ന വിദ്യാർത്ഥിയെ മാറ്റി നിറുത്തി. ആണും പെണ്ണുംകെട്ട, ആണത്തമില്ലാത്ത നിങ്ങളുടെ ആഭ്യന്തരവകുപ്പിന് വീണ്ടും പണം അനുവദിക്കണമെന്നു പറഞ്ഞാൽ അതിനോട് യോജിക്കാൻ ഞങ്ങൾക്ക് വയ്യ. ആഭ്യന്തരവകുപ്പിന്റെ കൊള്ളരുതായ്മകൾ നിരവധിയുണ്ട്. എന്റെ നിയോജകമണ്ഡലമായ ഒറ്റപ്പാലത്ത് 16 വയസ്സുകാരിയായ ഒരു പെൺകുട്ടിയെ ഇന്ദിരാ കോൺഗ്രസ്സുകാരും, ആർ., എസ്. എസുകാരും കൂടി കാറായ്ക്ക് ഇരയാക്കി. അതോടൊപ്പംതന്നെ 6 ഹരിജനങ്ങൾ ആശുപത്രിയിലായി. ഇന്ന് 4 ആളുകൾ മെഡിക്കൽ കോളേജിലാണ്. ഇന്ദിരാ കോൺഗ്രസ്സുകാരും ആർ. എസ്. എസുകാരും കൂടി ഒത്തുകളിക്കുകയാണ്. ഒറ്റപ്പാലത്ത് വയലാർ രവിയുടെ എ-പോലീസ്, കരുണാകരന്റെ ഐ പോലീസ്, സബ്ഇൻസ്പെക്ടർ ഐ-ആണെങ്കിൽ സർക്കിൾ ഇൻസ്പെക്ടർ എ. എയും ഐയും കൂടി, കരുണാകരനും വയലാർ രവിയും കൂടി ഈ രാജ്യത്തെ ജനങ്ങളെ കശാപ്പ് ചെയ്യുന്നു. ഒരു പോലീസ് ഭരണമാണ് ഈ കേരളത്തിൽ നിലനിൽക്കുന്നത്. ആ പോലീസ് ഭരണത്തെ, എ-ഐ പോലീസിനെ നിലക്കുനിറുത്തേണ്ട ബാദ്ധ്യത ഇവിടത്തെ മന്ത്രിമാർക്കുണ്ടോ? ഉണ്ടെങ്കിൽ ജനങ്ങൾക്ക്, അവരുടെ ജീവനും സ്വത്തിനും നീതി ലഭിക്കണം. കൊലക്കേസുപ്രതികളെ രാത്രികാലങ്ങളിൽ മന്ത്രിമാരുടെ മന്ദിരങ്ങളിൽ വിരുന്നൂട്ടുന്നു. നിരപരാധികളായ പിഞ്ചുകുട്ടികൾ കൊലക്കേസ്സിൽ പ്രതികളായി കൈയ്യാമം വച്ച് കൽത്തുറുങ്കിലടച്ച് കശാപ്പ് ചെയ്യപ്പെടുന്ന കിരാതമായ പോലീസ് ഭരണം ഇതിന് മുൻപ് കണ്ടിട്ടില്ല. ഇന്നലെ ശ്രീ. വിജയദാസ് പറഞ്ഞില്ലേ, ആരാധനയ്ക്ക് ഉപയോഗിക്കുന്ന ശംഖ്കൊണ്ട് ചെറുപ്പക്കാരുടെ നെഞ്ചത്ത് ഇടിച്ച് അവരെ കശാപ്പ് ചെയ്യുന്നുവെന്ന്.....(ബഹളം)..... അങ്ങനെ മോശമായ ഒരു പോലീസുഭരണം ഇവിടെ നിലനിൽക്കുമ്പോൾ അതിന്റെ ധനവിനിയോഗബില്ലിനെ അനുകൂലിക്കാൻ എന്റെ മനസാക്ഷി സമ്മതിക്കുന്നില്ല. അതുകൊണ്ട് ഞാൻ ഈ ധനവിനിയോഗ ബില്ലുകളെ എതിർക്കുന്നു.

ശ്രീ. കെ. ജി. ആർ. കർത്ത : സർ, ഞാൻ ഈ ധനവിനിയോഗബില്ലുകളെ അനുകൂലിക്കുന്നു. കൂടുതൽ ഒന്നും സംസാരിക്കുന്നില്ല.

ശ്രീ. എ. വി. താമരാക്ഷൻ : സർ, ഞാൻ ഈ ധനവിനിയോഗബില്ലുകളെ എതിർക്കുന്നു. റഷ്യയിൽ നിന്നും പുറത്താക്കിയ അമേരിക്കൻ പൗരത്വമുള്ള ജോർജ് വായ്ട്ടർ ഹോബ്യൂവിനെ കെ. ജി. ബി. ചാരനെന്നു പറയുന്നതുതന്നെ ശുദ്ധ അസംബന്ധമാണ് എന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഇവിടെ ബഹുമാന്യനായ ആഭ്യന്തരമന്ത്രി വയലാർ രവി പറഞ്ഞത് 1981 മേയ് മാസത്തിലാണ് കേന്ദ്രഗവൺമെന്റ് അന്വേഷണം നടത്തിയതെന്നാണ് അതു സംബന്ധിച്ച് സംസ്ഥാനഗവൺമെന്റ് തീരുമാനമെടുക്കുന്നത് ശ്രീ. ഉമ്മൻചാണ്ടി ആഭ്യന്തരമന്ത്രി യായിരുന്നപ്പോഴാണ്. .(ബഹളം).. അതു സംബന്ധിച്ചുള്ള ബന്ധപ്പെട്ട രേഖകൾ ഈ സഭയിൽ വയ്ക്കണമെന്നു പറഞ്ഞാൽ അതു വയ്ക്കാൻ തയ്യാറാകാതിരുന്നതുതന്നെ .....(ബഹളം).....ഈ സഭയിൽ ബന്ധപ്പെട്ട രേഖകൾ വയ്ക്കണമെന്നു പറഞ്ഞിട്ട് അതു വയ്ക്കാൻ തയ്യാറാകാത്തതുതന്നെ അവർ ഭയപ്പെടുന്നുവെന്നുള്ളതുകൊണ്ടാണ്. ഈ സംസ്ഥാന ഗവൺമെന്റിന്റെ പിടിപ്പില്ലായ്മയുടേയും പാപ്പരത്വത്തിന്റേയും ഫലമായി ഈ ഗവൺമെന്റ് കൊണ്ടുവന്ന ഈ

LIBRARY ARCHIVES Kerala Legislative Assembly

ധനവിനിയോഗബില്ലുകളെ ഞാൻ എതിർക്കുന്നു, ഞാൻ അവസാനിപ്പിക്കുന്നു. .. .... (ബഹളം) .....

ശ്രീ. ഉമ്മൻ ചാണ്ടി : സർ, എനിക്ക് ഒരു പേഴ്സണൽ എക്സ്പ്ലനേഷനു സമയം വേണം. എന്നെക്കുറിച്ച് ഇവിടെ പറഞ്ഞു. ഞാൻ മന്ത്രിയായിരുന്ന കാലത്ത് അങ്ങനെയൊരു സംഭവം ഉണ്ടായിട്ടില്ല. അങ്ങനെ ഉണ്ടായിട്ടുണ്ടെന്നുതെളിഞ്ഞാൽ ഞാൻ എന്റെ എം. എൽ. എ. സ്ഥാനം രാജിവയ്ക്കാൻ തയ്യാറാണ്. ഞാൻ ശ്രീ. ബേബിജോണിനെ വെല്ലുവിളിക്കുന്നു. ബേബിജോൺ നിങ്ങളും തയ്യാറുണ്ടോ? ഞാൻ വെല്ലുവിളിക്കുന്നു. എന്റെ കാലത്ത് അങ്ങനെയൊരു സംഭവം ഉണ്ടായിട്ടില്ല. ഉണ്ടായിട്ടുണ്ടെന്ന് ശ്രീ. താമരാക്ഷൻ തെളിയിച്ചാൽ ഞാൻ രാജിവയ്ക്കാൻ തയ്യാറാണ്. ശ്രീ നായനാരോടും ശ്രീ. താമരാക്ഷനോടും ചോദിക്കുന്നു. അതിനു തയ്യാറുണ്ടോ? ശ്രീ. ബേബിജോൺ മറുപടി പറയണം.

ശ്രീ. ബേബിജോൺ : സർ, ഇക്കാര്യത്തിൽ ഇങ്ങനെ വന്നതിനു കാരണമെന്താണെന്നു വച്ചാൽ ഈ ഫയൽ മേശപ്പുറത്തു വയ്ക്കാത്തതാണ്..... .. (ബഹളം) അതാണ് അതിന കാരണം.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ഞാൻ ബേബിജോണിനെവെല്ലുവിളിക്കുന്നു നിങ്ങൾക്ക് തെളിയിക്കാൻപറ്റുമോ? ഞാൻ തയ്യാറാണ്. . .

ശ്രീ. ബേബിജോൺ : സർ, ശ്രീ. ഉമ്മൻ ചാണ്ടി പറഞ്ഞത് സ്വീകരിക്കാൻ ഞാൻ തയ്യാറാണ്. പക്ഷെ, ഈ സംശയത്തിന്റെ കാരണമെന്താണ്? ഈ ഫയൽ മേശപ്പുറത്തു വയ്ക്കാത്തതുതന്നയാണ്.

ശ്രീ. ഉമ്മൻ ചാണ്ടി : ഫയൽ വയ്ക്കാമെന്നു പറഞ്ഞല്ലോ ഫയൽ വയ്ക്കാം. അതു സംബന്ധിച്ചുള്ള കാര്യങ്ങളും സ്പീക്കറുടെ മുൻപിൽ വയ്ക്കാം. പ്രതിപക്ഷത്തെ കാണിക്കാമെന്നു പറഞ്ഞു. പക്ഷെ, അതിനൊന്നും തയ്യാറില്ലാതെ ഇതു പറയുന്നത് ഭീരുത്വമാണ്. ഞാൻ പ്രതിപക്ഷത്തെ വെല്ലുവിളിക്കുന്നു. . . . .(ബഹളം) .....

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ശ്രീ. ബേബി ജോൺ : ഇവിടെ ഒരു പരാമർശനമുണ്ടായി. അതിൽ ശ്രീ. ഉമ്മൻചാണ്ടിയുടെ കാലത്താണ് ഫയലിൽ ഒപ്പുവച്ചതെന്ന് അറിയുന്നു എന്നു പറഞ്ഞു. അപ്പോഴേ ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി പറഞ്ഞു അല്ല, ഞാൻ വെല്ലുവിളിക്കുന്നു എന്ന്. ഇവിടെ വെല്ലുവിളിയുടെ പ്രശ്നമില്ല..... .. (ബഹളം) .....

മി. സ്പീക്കർ : ഓർഡർ ..... ഓർഡർ.....എന്താണ് ഇവിടെ? ഈ സഭയിലെ ചില അംഗങ്ങൾക്ക് എന്തുപറ്റി? മേയവായി എല്ലാ മെംബർമാരും ഇരിക്കണം. ശ്രീ. ബേബിജോണിന് സംസാരിക്കാൻ അനുവാദം കൊടുത്തിരിക്കുകയാണ്.

ശ്രീ. ബേബിജോൺ : സർ, ഞാൻ പറഞ്ഞത് വെല്ലുവിളിയുടെ പ്രശ്നമില്ല. ഉമ്മൻചാണ്ടിയുടെ പ്രസ്താവനയെ ഞാൻ സ്വീകരിക്കുന്നു എന്നാണ്. പക്ഷേ വരുന്നത് എന്താണെന്ന് വച്ചാൽ ഫയൽ മേശപ്പുറത്തുവയ്ക്കാത്തതു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ട് എന്തോ രഹസ്യം ഉണ്ടെന്ന് സംശയം നിലനിൽക്കുകയാണ്..... (ബഹളം).....എല്ലാംകൂടെ ഒന്നന്വേഷിക്ക്.

മി. സ്പീക്കർ : ശ്രീ. ബേബി ജോൺ, ആ ഇഷ്യൂവിനെ സംബന്ധിച്ച് ചെയറിന്റെ റൂളിംഗ് വന്നുകഴിഞ്ഞതാണ്. ആ പ്രശ്നം ക്ലോസ് ചെയ്യാത്തതാണ്..... (ബഹളം).....എന്താണ് മി. സീതിഹാജി ? ഇവിടെ ക്ലോസ് ചെയ്ത പ്രശ്നങ്ങൾ റീഓപ്പൺ ചെയ്യരുത്. ദയവായി ഇരിക്കണം .....(ബഹളം).....ദയവായി അപ്രസക്തമായ കാര്യങ്ങൾക്കുവേണ്ടി സഭയുടെ വിലയേറിയ സമയം കളയരുത്.

ശ്രീ. കെ. എം. മാണി: സർ, ഇപ്പോൾ സമയം അഞ്ചേകാലായി. ഒരു മണിക്കൂറാണ് അപ്രോപ്രിയേഷൻ ബില്ലുകൾക്കുവേണ്ടി നീക്കി വച്ചിരിക്കുന്നത്. അഞ്ചായ്ക്കെങ്കിലും ധനവിനിയോഗബിൽ പാസ്സാക്കണം. ഉച്ചയ്ക്ക് ക്ഷണം കഴിക്കാത്തവരുണ്ട്, ട്രെയിനിൽ പോകാൻ ടിക്കറ്റ് ബുക്ക് ചെയ്തിരിക്കുന്നവരുണ്ട്, ഒരു മണിക്കൂറാണ് അപ്രോപ്രിയേഷൻ ബില്ലുകൾക്ക് വേണ്ടി ഉള്ളത്.

മി. സ്പീക്കർ : വിശപ്പ്, അങ്ങേയ്ക്ക് മാത്രമല്ല ഈ സഭയിലെ എല്ലാവർക്കുമുണ്ട്. ഇത്രയും ക്ഷോഭജനകമായ ഈ അന്തരീക്ഷത്തിന്റെ കാരണം യഥാർത്ഥത്തിൽ വിശപ്പാണ്. അതുകൊണ്ട് ദയവായി എല്ലാവരും സഹകരിക്കണം.

ശ്രീ. സി. ജി. ജനാർദ്ദനൻ : സർ, പാർലമെന്ററി ഡെമോക്രസി എന്ന വ്യാമോഹമില്ലാത്ത മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി അതിന്റെ ചളിക്കുണ്ടിൽ താഴ്ത്തിയ എം. വി. രാഘവനേയും കുഞ്ഞിക്കണ്ണനേയും..... (ബഹളം).....

ഈ നിയമസഭാതലത്തിൽ തിരിച്ച് ഒരു ചോദ്യം അവരോട് ചോദിക്കുകയാണ്. മഹാത്മാഗാന്ധിയുടെയും നെഹ്റുവിന്റെയും രാജൻ ബാബുവിന്റെയും പേരിൽ കോൺഗ്രസ്സിന്റെ വികാരം ഉൾക്കൊള്ളുന്ന കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി ഒരു പരിപാടി ആവിഷ്ക്കരിച്ചിരിക്കുന്നു. അവരുടെ യുവജനവിഭാഗത്തിന്. ബുദ്ധിമാനായ പാക്കോ..... (ബഹളം) .....ആ യുവജന വിഭാഗം പറഞ്ഞത് രാജിവച്ച് പുറത്തുപോകണമെന്നാണ്. സ്പീക്കറുടെ റൂളിംഗിനുശേഷം ഇവിടെ കൂക്കുവിളിച്ച് ബഹളം ഉണ്ടാക്കാനാണ്.....(ബഹളം).....

മി. സ്പീക്കർ : ഓർഡർ, ഓർഡർ, ബഹുമാനപ്പെട്ട മെമ്പറുടെ സമയം കഴിഞ്ഞു.

ശ്രീ. സി. ജി. ജനാർദ്ദനൻ : ഞാൻ ഈ അപ്രോപ്രിയേഷൻ ബില്ലുകളെ പിന്താങ്ങുന്നു.

ശ്രീ. എസ്. ആർ. തങ്കരാജ് : സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ധനവിനിയോഗബില്ലുകളെ ഞാൻ എതിർക്കുകയാണ്. 656 കോടിയോളം രൂപയുടെ ധനവിനിയോഗമാണ് ഇവർ ആവശ്യപ്പെട്ടിരിക്കുന്നത്. ഈ ആളുകളെ, ഇന്നും ഈ രണ്ടുമൂന്നു ദിവസങ്ങളായി ഇവിടെ നടന്ന ആരോപണങ്ങൾക്ക് വിധേയരായ ഈ മന്ത്രിമാരെ ഈ 656 കോടിയോളം രൂപ ഏൽപ്പിച്ചാൽ ഇവർ അത് സത്യസന്ധമായി ചെലവഴിക്കുമോ എന്ന് അന്വേഷിക്കേണ്ട ബാദ്ധ്യത സഭയിലെ അംഗങ്ങൾക്കുണ്ട്. നമ്മുടെ സാമൂഹ്യ

LIBRARY ARCHIVES Kerala Legislative Assembly

വികസന വകുപ്പുമന്ത്രി അൽപ്പസമയം മുൻപ് സഭയിൽ അവതരിപ്പിച്ച ഒരു കാര്യം പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നതാണ്. അദ്ദേഹം വളരെ വാചാലമായിട്ട് ലക്ഷക്കണക്കിന് ആളുകളെ ഐ. ആർ. ഡി. പി. ഉപഭോക്താക്കളായി മാറിയതിന്റെ കഥ ഇവിടെ വിവരിച്ചു. ഈ 22-ാം തീയതിയാണ് തിരുവനന്തപുരം ജില്ലയുടെ ഗവേണിംഗ് ബോഡിയുടെ ലാസ്റ്റ് മീറ്റിംഗ് കൂടിയത്. 1985-'86 വർഷത്തേക്കുള്ള ചെലവ് അംഗീകരിച്ചത് മാർച്ച് മാസം 22-ാം തീയതിയാണ്; അന്ന് വൈകുന്നേരമാണ്. ഒരു കിലോമീറ്റർ ദൂരം റോഡ് തിരുവനന്തപുരം ജില്ലയിൽ പെരുംകടവിള ബ്ലോക്കിൽ 1985-'86 കാലഘട്ടത്തിൽ, ഇന്ന് ഞാൻ ഇവിടെ നിന്ന് സംസാരിക്കുന്ന സമയം വരെ ചെയ്തു തീർത്തിട്ടുണ്ടോ എന്ന് ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ വെല്ലുവിളിക്കുകയാണ്. അച്ചടിച്ചുവന്ന കടലാസുകൾ എന്റെ കൈയിലുണ്ട്. ഐ. ആർ. ഡി. പി. ഉപഭോക്താക്കളായി മാറിയിട്ടുള്ളവരുടെ എണ്ണം 88 ഏതാണ്ട് മൂന്നു നാലു ചെറിയ റോഡുകളുടെ പത്തു പന്ത്രണ്ടുലക്ഷം രൂപ ചെലവുള്ള ചെറിയ റോഡുകൾക്ക് ചെലവ് അംഗീകരിച്ചിട്ടുണ്ട് എന്ന വസ്തുത. ഞങ്ങൾ വിസ്മരിക്കുന്നില്ല. ഇത്രയും സത്യവിരുദ്ധമായ പ്രസ്താവനകൾ ഇതുപോലെയുള്ള സഭയിൽ വന്നുനിന്നുകൊണ്ട് പറഞ്ഞു സഭയെ തെറ്റിദ്ധരിപ്പിക്കാൻ പാടില്ല. വസ്തുനിഷ്ഠമായ കണക്കുകൾ നിരത്തിവച്ചാൽ ബഹുമാനപ്പെട്ട മന്ത്രിക്ക് അതിനെപ്പറ്റി എന്തു പറയാനുണ്ടെന്നറിയാൻ എനിക്ക് ആഗ്രഹമുണ്ട്. രണ്ടു ദിവസങ്ങൾക്ക് മുൻപ് ചെലവ് പാസ്സാക്കിയതിനുശേഷം ഒരു പൈസയ്ക്കുള്ള ജോലി പോലും ചെയ്യാതെ ഐ. ആർ. ഡി. പി. ഉപഭോക്താക്കളായിട്ട് വെറും 88 ആളുകളെ മാത്രം എടുത്ത് ഇങ്ങനെയുള്ള ആളുകളെ ഈ 656 കോടിയോളം രൂപ ഏൽപ്പിച്ചാൽ അതിന്റെ സ്ഥിതി എന്തായിരിക്കും എന്ന് ബഹുമാനപ്പെട്ട സഭയും ഇതിന്റെ അദ്ധ്യക്ഷനെന്ന നിലയിൽ ബഹുമാനപ്പെട്ട സ്പീക്കറും ആലോചിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. സി. ടി. അഹമ്മദ് അലി : സർ, ഇവിടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ധനവിനിയോഗബില്ലുകളെ ഞാൻ അനുകൂലിക്കുകയാണ്. ഇന്നലെ കൊച്ചിൻ എക്സ്പ്രസിൽ ബോംബു പൊട്ടി പരിക്കേറ്റ കുറേപ്പേർ അത്യാശ്വാസം വലിച്ചു. ഇന്ന് ഈ സഭയിൽ പൊട്ടിയ ബോംബുമൂലം പരിക്കുപറ്റിയ പ്രതിപക്ഷനേതാവ് ശ്രീ. നായനാർക്ക് ഓക്സിജൻ കൊടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ഇവിടെ എന്റെ സ്നേഹിതൻ ഡോക്ടർ സുബ്ബറാവു എന്റെ പാർട്ടിയെപ്പറ്റി പറയുകയുണ്ടായി. മുസ്ലീം ലീഗിനെ വർഗ്ഗീയപ്പാർട്ടിയെന്ന് ഇപ്പോഴും ആരോപിക്കുന്നതു ശരിയല്ല. അദ്ദേഹത്തോട് ഒരു കാര്യം പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അതിനെക്കുറിച്ച് യൂത്ത്കോൺഗ്രസ് പ്രസിഡന്റ് ശ്രീ. കാർത്തികേയനോട് അങ്ങ് ചോദിക്കുന്നതിനേക്കാൾ നല്ലത് തൃശ്ശൂരിലുള്ള നിങ്ങളുടെ മുൻ മുഖ്യമന്ത്രി സഖാവ് അച്യുതമേനോനോട് ചോദിക്കുകയാണ്. അതുമല്ലെങ്കിൽ ഡൽഹിയിലുള്ള സഖാവ് ബലറാമിനോട് അദ്ദേഹത്തിനു ചോദിക്കാമായിരുന്നു. അതുമല്ലെങ്കിൽ ശ്രീ. പി. കെ. വി. യോടു ചോദിക്കാമായരുന്നു. മുസ്ലീം ലീഗുമായി ഒന്നിച്ചിരുന്നുകൊണ്ട്, സഖാവ് അച്യുതമേനോനേയും ശ്രീ. പി. കെ. വി. യേയും മുഖ്യമന്ത്രി സ്ഥാനത്തിരുത്തിക്കൊണ്ട് ദീർഘകാലം കേരളത്തിൽ സൽഭരണം കാഴ്ചവച്ച സഖാവ് സുബ്ബറാവുവിനെപ്പോലെയുള്ള ആളുകൾ മുസ്ലീംലീഗിൽ ഇന്നു വർഗ്ഗീയം കാണുന്നുവെങ്കിൽ അദ്ദേഹത്തോട് എനിക്ക് ഒന്നു മാത്രമേ പറയാനുള്ളൂ. മുസ്ലീം ലീഗിനെ ആ ഭാഗത്തേക്കു കിട്ടുകയില്ലെന്നുള്ളതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

കുറുക്കൻ 'മുന്തിരിങ്ങ പുളിക്കും' എന്നു പറഞ്ഞതുപോലെ ഞങ്ങളുടെമേൽ ആരോപണങ്ങളുന്നയിക്കുകയും അല്ലാതെയാരിക്കുമ്പോൾ ഞങ്ങളെ താലോലിക്കുകയും ചെയ്യുന്ന ഈ രീതി അവസാനിപ്പിക്കണമെന്നാണ് എനിക്കഭ്യർത്ഥിക്കാനുള്ളത്.

കാസർകോടിന്റെ പൊതുവായ കാര്യങ്ങളിൽ ഞാനും ഡോ. സുബ്ബറാവുവും യോജിച്ചു പ്രവർത്തിക്കുന്നു. ഭാഷാന്യൂനപക്ഷങ്ങളോടുള്ള സമീപനത്തിലും അവികസിതമേഖലയെ വികസിപ്പിക്കുന്ന നയത്തോടുമെല്ലാം തന്നെ ഞങ്ങളും യോജിച്ചു പ്രവർത്തിക്കുകയാണ് ചെയ്യുന്നത്.

സർ, ഒന്നു രണ്ടു കാര്യങ്ങൾകൂടി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. ഗൾഫ് രാജ്യങ്ങളിൽനിന്നും തൊഴിൽ നഷ്ടപ്പെട്ട് ആയിരക്കണക്കിനാളുകളും സ്വദേശത്തേക്കു തിരിച്ചുവന്നു കൊണ്ടിരിക്കുകയാണ്. അവരുടെ കുടുംബാംഗങ്ങളും ഇന്നു പട്ടിണിയിൽ കഴിയേണ്ട സാഹചര്യമുണ്ടായിരിക്കുകയാണ്. ഗൾഫിൽനിന്നും മടങ്ങിവന്നിട്ടുള്ള ആളുകൾക്ക് ജോലി കൊടുക്കാനും പ്രവരെ പുനരധിവസിപ്പിക്കുവാനുമുള്ള പരിപാടികളും തീർച്ചയായും ഗവൺമെൻറ് ആവിഷ്കരിക്കണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്. അതോടൊപ്പം മറ്റൊരു കാര്യം കൂടി പറയാനുണ്ട്. നമ്മുടെ പട്ടണങ്ങളിൽ പെട്ടിക്കടകളും നിരോധിക്കുന്നതിന് നടപടികളെടുത്തുവരുന്നുണ്ട്. കോർപ്പറേഷൻ ഏരിയായിലും മുനിസിപ്പാലിറ്റികളിലും ചെറിയ ചെറിയ മുറുക്കാൻകടകളും വച്ച് ജീവിതം കഴിക്കുന്ന എത്രയോ ആളുകളുണ്ട്. പട്ടണവികസനത്തിന്റെ പേരിൽ പെട്ടിക്കടകളും പൊളിച്ചു നീക്കുമ്പോൾ അവരെ പുനരധിവസിപ്പിക്കാനുള്ള ഒരു പദ്ധതിയെങ്കിലും ഗവൺമെൻറ് ഉണ്ടാക്കണം. ഇല്ലെങ്കിൽ പാവപ്പെട്ട അവരുടെ കുടുംബങ്ങളും തീർച്ചയായും പട്ടിണിയിലകപ്പെട്ടുപോകും എന്ന് ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു.

വികസനരംഗത്ത് കാസർകോഡ് ഇന്നും പിന്നോക്കം നിൽക്കുകയാണ്. എല്ലാ രംഗത്തും ആ പ്രദേശം ഇന്ന് അവഗണിക്കപ്പെട്ടിരിക്കുകയാണ്. തീർച്ചയായും ഐക്യജനാധിപത്യമുന്നണിയുടെ കാലഘട്ടത്തിലാണ് ആ മേഖലയിൽ എന്തെങ്കിലും ചെയ്യാൻ കഴിഞ്ഞിട്ടുള്ളത്. ഡാക്ടർ എ. സുബ്ബറാവു 21 മാസക്കാലം നായനാർ ഗവൺമെൻറിൽ മന്ത്രിയായിരുന്നു അദ്ദേഹം മന്ത്രിയായിരുന്ന 21 മാസക്കാലം ഭരിച്ചിട്ടുപോലും ഇടതുപക്ഷസർക്കാരിന് ആ മേഖലയിൽ ഒന്നും ചെയ്യാൻ സാധിച്ചിട്ടില്ല. ഐക്യജനാധിപത്യമുന്നണി ഗവൺമെൻറിന്റെ കാലത്താണ് കാസർകോട് ജില്ല രൂപീകരിച്ചത്, അതുപോലെ തന്നെ മറ്റൊന്നാണ് അവിടെ ജില്ലാ കോടതി ഉദ്ഘാടനം ചെയ്യാൻ പോകുകയാണ്. 29-ാം തീയതി കാസർകോട് ജില്ലാകോടതി നിലവിൽവരാൻ പോകുകയാണ്. അങ്ങനെ അവികസിത മേഖലകളുടെ സമഗ്രമായ വികസനത്തിനുവേണ്ടി ശ്രമിക്കുന്ന, കാസർകോടിന്റെ നാടിമിടിപ്പു മനസ്സിലാക്കാൻ കഴിയുന്ന ഒരു മുഖ്യമന്ത്രിയാണ് ഇന്നു കേരളം ഭരിക്കുന്നത്. അതിനുവേണ്ടി ഈ മുഖ്യമന്ത്രി ആകുന്നതെല്ലാം ചെയ്യണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ബില്ലുകളെ പിന്താങ്ങുകയാണ്.

ശ്രീ. ഇ. കെ. നായനാർ : സ്പീക്കർ സർ, ഞാൻ ഈ ധനവിനിയോഗ ബില്ലുകളെ എതിർക്കുകയാണ്. ഞാൻ ഈ ബില്ലുകളെ എതിർക്കുന്നതിനു കാരണമുണ്ട്. കേരളത്തിന്റെ വികസനത്തെ സംബന്ധിച്ചോ കേന്ദ്ര ഗവൺമെൻറിന്റെ കേരളത്തോടുള്ള അവഗണനയെ സംബന്ധിച്ചോ യാതൊന്നും ശബ്ദിക്കാത്ത, നമ്മുടെ സംസ്ഥാനത്തെ വളരെ പിന്നോക്കം തള്ളുന്ന, കേരളത്തിന്റെ വികസനത്തെ പൂർണ്ണമായും തകർക്കുന്ന ഒരു പ്ലാനാണ് ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

അംഗീകരിച്ചത്. 300 കോടി രൂപ കമ്മിയാണെന്നു പറയാൻ കാരണമുണ്ട്. 130 കോടി രൂപ എങ്ങനെ പിരിച്ചെടുക്കുമെന്ന് ശ്രീ. മാണി ഇന്നുവരെ മിണ്ടുന്നില്ല. 80 കോടി രൂപ കേന്ദ്രത്തിന് കൊടുക്കുവാനുണ്ട്, അതിനെക്കുറിച്ചും മിണ്ടുന്നില്ല. 72 കോടി രൂപ കോൺട്രാക്ടറേഴ്സിനും മറ്റും കൊടുക്കുവാനുണ്ട് അതിനെക്കുറിച്ചും മിണ്ടുന്നില്ല. ജനങ്ങളെ മുഴുവൻ വഞ്ചിക്കുന്ന ഒരു സ്റ്റാറ്റിസ്റ്റിക്സാണ് ഇവിടെ വച്ചിരിക്കുന്നത്. എന്നിട്ട് സർപ്ലസ് ബഡ്ജറാണ് എന്നു പറയുകയാണ് ചെയ്യുന്നത്. കേരളത്തിന്റെ സാമ്പത്തികസ്ഥിതിയെ പാടെ തകർത്തിരിക്കുകയാണ്. ഈ വർഷം സർപ്ലസ് ബഡ്ജറാണ്, കഴിഞ്ഞവർഷം അവതരിപ്പിച്ചത് ഡെഫിസിറ്റ് ബഡ്ജറാണ്.

നേരത്തേ ഇവിടെ നടന്ന ചർച്ചയിൽ ഫയൽ മേശപ്പുറത്തു വയ്ക്കണമെന്നു പറഞ്ഞു. അതേക്കുറിച്ചുള്ള ചർച്ച തീർന്നില്ല. അമേരിക്കയിൽ നിന്നും വന്നവരെക്കുറിച്ചുള്ള ചർച്ച തീരണമെങ്കിൽ രേഖവച്ചു പരിശോധിച്ചാലേ സാധിക്കൂ. അതേക്കുറിച്ച് അന്വേഷിക്കണം. ഞാൻ അതിനു തയ്യാറാണ്. സി. ഐ. എ. യുടെ ഏജൻറ് പണം കൊണ്ടുവന്നിട്ട് ആർക്കാണ് കൊടുത്തതെന്ന് അറിയണം. ആർക്കാണ് കൊടുത്തത് എന്നറിയാമല്ലോ. ആ അടിസ്ഥാനത്തിൽ അതിനെ സംബന്ധിച്ച് ആരോപണമുണ്ട്.

മറ്റൊരു വസ്തുത, കുവൈറ്റുകാരെപ്പറ്റിയും അവിടെയുള്ള ജനങ്ങളെപ്പറ്റിയുമല്ല ഞങ്ങൾ പറയുന്നത്. ബ്ലാക്ക് ലിസ്റ്റിൽപ്പെട്ടവർ വന്നപ്പോൾ അവർ പ്രചരിപ്പിച്ച നോട്ടീസാണ് ഇത്. (നോട്ടീസ് സഭയിൽ കാണിക്കുന്നു). അവരുടെ കൂടെ വന്ന ആളുകൾ പോപ്പ് ജോൺപോൾ രണ്ടാമന് എതിരായിട്ട് കൊണ്ടുവന്നിട്ടുള്ള നോട്ടീസാണ് ഇത്. ഈ നോട്ടീസ് ബഹുമാനപ്പെട്ട സ്പീക്കർ കണ്ടുകാണുകയില്ല, ഞാൻ ഇതു ശേഖരിച്ചതാണ്. Time Magazine—April 16, 1979 :—

Over sixty thousand books have been written against Islam by the Christain west, Alla's promise is true. He has given us a "Deen"- a Way of life that is to master, overcome and surpesed every other way of life Eventhtugh the unbelivers may detest it. Islamic Propaganda Centre of International, South Africa ഇവരുടെ കൂടെ കൊണ്ടുവന്നതാണ്. C.I.A. Organisation അതിനെ സംബന്ധിച്ച് Delhi-യിൽ നിന്നുള്ള ഇംഗ്ലീഷ് പത്രത്തിൽ കൊടുത്തിരിക്കുന്നത് ഇങ്ങനെയാണ് :— This Organisation is alleged to be used to create communal tension in different countries between various religious groups, the two persons—അതായത് ഇവിടെ വന്നിട്ടുള്ള രണ്ട് കുവൈറ്റുകാർ the world Muslim minority commission has close relations with some fundamental organisations. They had visited Kerala and Tamil Nadu earlier also. ഞാൻ പറയുന്നത് ഇതിൽ Islamic propagation Centre of Anti-christian, Anti Pope ആണ്. അപ്പോൾ സൂക്ഷിക്കണം. ഇൻറർനാഷണൽ മുസ്ലീം ഓർഗനൈസേഷൻ ഭരവാഹികൾ കേരളത്തിൽ വന്നതിനെ സംബന്ധിച്ച് പറയുന്നില്ല. ഇൻഡ്യയിലെ മതസൗഹാർദ്ദം കെടുത്തി, വിവിധ മതസ്ഥർ പരസ്പരം കൊലചെയ്യുന്നതിന് സാഹചര്യമുണ്ടാക്കരുത്. പഞ്ചാബ് സംഭവം കഴിഞ്ഞ് ഇനി അടുത്ത ഉന്നം, അവർക്ക് കേരളമാണ്.

ഇൻഡ്യയിൽ ജനാധിപത്യ വ്യവസ്ഥിതിയിൽ ഒരു കമ്മ്യൂണിസ്റ്റ് ഗവൺമെൻറ് ആദ്യം അധികാരത്തിൽ വന്നത് കേരളത്തിലാണ്. പശ്ചിമ ബംഗാളിൽ കമ്മ്യൂണിസ്റ്റ് നേതൃത്വത്തിലുള്ള ഗവൺമെൻറാണ് ഭരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിൽ ആ ഓർഗനൈസേഷന്റെ പ്രതിനിധികളും വന്നതിനു ശ്രീ. കരുണാകരൻ കൂട്ടുനിന്നു. അവരോടൊപ്പമാണ് മന്ത്രിമാർ പോയത്. അതോടൊപ്പമാണ് നമ്മുടെ ദേശീയ പതാക പറപ്പിച്ചത്. അതാണ് ഞങ്ങളും പറയുന്നത് ഇൻഡ്യയും കുവൈറ്റ് ഗവൺമെന്റും തമ്മിൽ നല്ല ഒരു ബന്ധമാണുള്ളത്. പക്ഷേ ബ്ലാക്ക് ലിസ്റ്റിൽപ്പെട്ടവരുടെ കാര്യമാണ് ഇവിടെ പ്രശ്നം. നമ്മുടെ രാജ്യത്ത് വർഗ്ഗീയ ലഹളയുണ്ടാക്കാൻ പ്രവർത്തിക്കുന്ന ശക്തികളെ കൊണ്ടു നടന്നു. ലക്ഷക്കണക്കിനു രൂപ വിതരണം ചെയ്തു എന്നു പറയുന്നു. ഈ സംസ്ഥാനത്തെ മുഖ്യമന്ത്രിയും ആഭ്യന്തരമന്ത്രിയും വിഘടിത ശക്തികൾക്കു പിൻതുണ നൽകുന്നു. ഞങ്ങളുടെ ചാർജ്ഷീറ്റ് അതാണ്. അതുകൊണ്ടാണ് ഞങ്ങൾ പറയുന്നത്. രാജ്യത്ത് ഭിന്നിപ്പുണ്ടാക്കരുത്. ഒരു ഭാഗത്ത് ആർ.എസ്.എസ്. ഹിന്ദു സംഗമം ഇസ്ലാം മുസ്ലീം ലീഗിന്റെ കീഴിലാണോ? അല്ല. നിങ്ങൾ കുഴപ്പം ഉണ്ടാക്കരുത്. ഞാൻ പറയുന്നത് അതാണ്. വർഗ്ഗീയ ലഹളയുണ്ടാക്കാൻ മുതിരരുത്. ജമാ അത്തെ ഇസ്ലാമി ആൻറ് സിമിക്ക് ഉമ്മർ ബാഫർക്കിത്തങ്ങൾപോലും എതിർത്തിട്ടും പിൻതുണകൊടുത്തു. ആർ.എസ്.എസിന്റെ വക, മുസ്ലീമിന്റെ നാശം ഇൻഡ്യയിൽ. ഇതു കേരളത്തിലാണ്, ഇതു മലബാറിലാണ് എന്നു പറഞ്ഞ് രണ്ടുതരത്തിലും ഊതിവീർപ്പിച്ച് ഹിന്ദു മുസ്ലീം ലഹള ഉണ്ടാക്കാൻ ശ്രമിക്കരുത്.

അതുപോലെതന്നെ കുവൈറ്റിൽ നിന്നു വന്ന രണ്ട് അൺഡിസയറബിൾ എലിമെന്റ്സിന്റെ കാര്യം ഇവിടെ ചർച്ച ചെയ്തതല്ലേ? കരുണാകരന്റെ പൂർണ്ണമായ സംരക്ഷണം ആർ. എസ്. എസ്സിനില്ലേ? ഉണ്ട്. അതുകൊണ്ടാണ് പ്രധാനമന്ത്രിയോട് പറഞ്ഞത് ഇയാളെ പിരിച്ചു വിടണമെന്ന്. ഞാൻ വെറുതെ പറഞ്ഞതല്ല. നിങ്ങൾക്ക് മറ്റേതരത്തെപ്പറ്റി വല്ല ധാരണയുമുണ്ടോ? 1982 ഡിസംബർ 31-ാം തീയതി തിരുവനന്തപുരം പട്ടണത്തിൽ ഹിന്ദു മുസ്ലീം കലാപം നടന്നിട്ട് ചാലബസാറിലെ ഏഴു കോടി രൂപയുടെ ചരക്കും തുണിയും മറ്റു സാധനങ്ങളും നാലുമണിമുതൽ ഏഴുമണിവരെ കൊള്ളയടിച്ചു കൊണ്ടുപോയപ്പോൾ മന്ത്രി അഹമ്മദ് എവിടെപ്പോയി? എവിടെപ്പോയി കരുണാകരൻ? എവിടെപ്പോയി വയലാർ രവി? നിങ്ങൾക്കൊന്നും അറിയില്ല, അറിയാൻ പോകുന്നതേ ഉള്ളു. ഇവിടെ ഹിന്ദു സംഗമത്തിന്റെ പ്രകടനം അഞ്ചാം തീയതി നടക്കാൻ പോവുകയാണ്. ഏഴാം തീയതി കണ്ണൂരിൽ വച്ച് നടക്കും. ഈ രാജ്യത്തെ ജനങ്ങളെ മൂന്നായി തിരിക്കുകയാണ് ചെയ്യുന്നത്. ഒരു ഭാഗത്ത് ക്രിസ്ത്യാനികൾ, മറുഭാഗത്ത് മുസ്ലീങ്ങൾ, മറെറാരു ഭാഗത്ത് ആർ. എസ്. എസ്. ആ തരത്തിൽ കലാപം സൃഷ്ടിക്കാൻ കരുണാകരൻ കൂട്ടുനിൽക്കുകയാണ്. ഈ രാജ്യത്ത് കലാപം നടന്നു. നിലയ്ക്കൽ ഹിന്ദുക്രിസ്ത്യൻ ലഹള നടന്നു. അതുപോലെതന്നെ ഇപ്പോൾ പഞ്ചാബിൽ സിക്ക്-ഹിന്ദു കലാപം നടക്കുന്നു. മുഖ്യമന്ത്രി സ്ഥാനത്തിനുവേണ്ടി ഈ തരത്തിൽ നമ്മുടെ രാജ്യത്ത് വർഗ്ഗീയത കുത്തിപ്പൊക്കുന്നു. കരുണാകരൻ, ഈ രാജ്യത്തെ വർഗ്ഗീയവാദികൾക്ക് അടിയറ വയ്ക്കുന്നു. അതവസാനിപ്പിക്കാൻ യോജിച്ചു നിന്ന് പോരാടണം. ന്യൂനപക്ഷങ്ങളും പുരോഗമനവാദികളുമെല്ലാം ഒരുമിച്ച് നിൽക്കണം. സോവിയറ്റ് യൂണിയനിൽ ഒളിമ്പിക്സ് നടക്കുമ്പോൾ വയലാർ രവി ആൻറി സോവിയറ്റ് ഭാഗം പിടിച്ചു കൊച്ചിൻ പോർട്ടിൽ പണിമുടക്ക് സംഘടിപ്പിച്ചു. അതുകൊണ്ട് ഇവിടത്തെ കശുവണ്ടി കയററിയയച്ചില്ല. അതിന്റെ നേതാവ് വയലാർ രവിയാണ്. അതുകൊണ്ട് ഞാൻ പറയുന്നു നമ്മുടെ രാജ്യം കുളം തോണ്ടാൻ ശ്രമിക്കുന്നവരുടെ ഒരു കൂട്ടമാണിവിടെ ഭരിക്കുന്നത്. അതുകൊണ്ട് ഞാനിതിനെ എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ആഭ്യന്തര വകുപ്പുമന്ത്രി : (ശ്രീ. വയലാർ രവി) : ആ പണിമുടക്ക് ന്യായമാണെന്ന് അന്നത്തെ മുഖ്യമന്ത്രി പ്രസ്താവനയിറക്കി. എന്നെപിന്തുണച്ചിട്ടുണ്ട്. അതിന്റെ രേഖ എന്റെ കൈയ്യിലുണ്ട്.

ശ്രീ. ഇ.കെ. നായനാർ : ആ പണിമുടക്ക് തീർക്കാൻ വയലാർ രവിയുമായി ഞാൻ സംസാരിച്ചിട്ടുണ്ട്.

ധനകാര്യവും നിയമവുംവകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): അടുത്ത നാലു മാസത്തേക്ക് എങ്ങനെ രൂപ ചെലവു ചെയ്യണമെന്നുള്ള ഒരുപദേശമാണ് ഞാൻ പ്രതിപക്ഷ നേതാവിൽ നിന്നും പ്രതീക്ഷിച്ചത്. ഇതു സംബന്ധിച്ചു ഇനി കൂടുതലൊന്നും ഞാൻ പറയുന്നില്ല. ഈ ധനവിനിയോഗ ബില്ലുകൾ പാസ്സാക്കിത്തരണമെന്നഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ഒരു കാര്യം മാത്രം ഈ സഭയോടഭ്യർത്ഥിക്കുവാനാണ് ഞാൻ നിൽക്കുന്നത്. ഒരു കുറ്റം ശരിയാണെന്നുവരുത്താൻ മറ്റൊരു കുറ്റം ചെയ്യുന്ന സാഹചര്യത്തിലേക്കാണ് നീങ്ങുന്നത്. ഈ ഗവൺമെൻറിനെ കുറ്റപ്പെടുത്തുക എന്നുള്ളതിന്റെ മറവിൽ വർഗ്ഗീയ ചിന്താഗതികൾ വളർത്താനുള്ള ശ്രമം നിർഭാഗ്യകരമാണ്. .....(ബഹളം).....
ഈ സഭയിൽ നടക്കുന്ന ചർച്ചയെപ്പറ്റി പത്രങ്ങൾ പരാമർശിക്കുമ്പോൾ അത് ജനങ്ങൾ വായിക്കാനിടയാകും. അപ്പോൾ സമുദായങ്ങൾ തമ്മിലുള്ള സൗഹാർദ്ദം തകർക്കുന്ന നിലയിലുള്ളതാകരുത് ഇവിടെ നടക്കുന്ന ചർച്ചകൾ എന്നാണെനിക്ക് പറയാനുള്ളത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ക്രിസ്ത്യാനികളേയും മുസ്ലീങ്ങളേയും ഹിന്ദുക്കളെയും തിരിച്ച് വർഗ്ഗീയതയ്ക്ക് പ്രോത്സാഹനം നൽകുന്ന രീതിയിൽ ഇവിടെ സൂചിപ്പിച്ചത് നിർഭാഗ്യകരമായിപ്പോയി.....(ബഹളം).....
ബഹുമാനപ്പെട്ട ഗൗരിയമ്മയോട് എനിക്ക് ഒരു കാര്യം പറയാനുണ്ട്. പത്തോ നൂറോ കുടിലാസുകൾ എവിടെയെങ്കിലും അടിച്ചിട്ടുണ്ടെങ്കിൽ അത് ഈ സഭാവേദിയിൽ കൊണ്ടുവന്നിട്ട് അതിന് പ്രചരണം നൽകാൻ ശ്രമിക്കുന്നത് ആപൽക്കരമാണ്. ഇത് നിരുത്തരവാദമെന്നു ഞാൻ നിങ്ങളോടഭ്യർത്ഥിക്കുകയാണ്. ഇത് നിങ്ങൾക്കാർക്കും ഗുണം ചെയ്യുകയില്ല. അതിന്റെ പേരിൽ ആരാണ് മുതലെടുക്കുന്നത് ? ഞാൻ ചോദിക്കട്ടെ, ഈ അടുത്ത അവസരത്തിലല്ലേ മാർക്സിസ്റ്റ് പാർട്ടിയുടെ സഹായത്തോടുകൂടി വെസ്റ്റ് ബംഗാളിൽ കൽക്കട്ടാ കോർപ്പറേഷനിൽ ഒരു ബി. ജെ. പി. ക്കാരൻ കമ്മിറ്റിയുടെ ചെയർമാനായത്. എൻ. ഇ. ബലറാമിന്റെ ലേഖനത്തിൽ കാണാം. നമ്മുടെ സംസ്ഥാനത്തിന്റെ സമുദായ സൗഹാർദ്ദം നശിപ്പിക്കാനുള്ള തരത്തിൽ പ്രചരണം നീങ്ങരുത് എന്ന് ഞാൻ വിനീതമായി അഭ്യർത്ഥിച്ചുകൊണ്ട് ഇത് പാസ്സാക്കിത്തരണമെന്നഭ്യർത്ഥിക്കുകയാണ്.

1986-ലെ കേരള ധനവിനിയോഗബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2, 3 വകുപ്പുകൾ

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം വോട്ടിനിട്ട് സഭ അംഗീകരിച്ചു. രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമായിത്തീർന്നു.

LIBRARY ARCHIVES Kerala Legislative Assembly

പട്ടിക

പട്ടിക ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം വോട്ടിനിട്ട് സഭ അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായിത്തീർന്നു.

1-ാം വകുപ്പ് പീഠികയും പേരും

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം വോട്ടിനിട്ട് സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിത്തീർന്നു.

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ഈ ബിൽ അവസാനമായി പാസാക്കിത്തരണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. വയലാർ രവി): ഞാനിതിനെ പിന്താങ്ങുന്നു.

1986-ലെ കേരള ധനവിനിയോഗബിൽ സഭ വോട്ടിനിട്ടു അംഗീകരിച്ചു.

ശ്രീ. ബേബിജോൺ: സർ, ഞാൻ പോംവഴി ആവശ്യപ്പെടുന്നു. സഭ താഴെ പറയും പ്രകാരം പിരിഞ്ഞ് വോട്ടെടുപ്പ് നടത്തി.

അനുകൂലിക്കുന്നവർ—66

1. ശ്രീ. പി. എം. അബൂബേക്കർ
2. ,, ഇ. അഹമ്മദ്
3. ,, സി. ടി. അഹമ്മദ് അലി
4. ,, കെ. അവുക്കാദർകുട്ടിനഹ
5. ,, ആർ. ബാലകൃഷ്ണപിള്ള
6. ,, പി. കെ. കെ. ബാവ
7. ,, യു. എ. ബീരാൻ
8. ,, ബെന്നി ബഹനാൻ
9. ,, പി. ഭാസ്കരൻ
10. ,, വി. ദിനകരൻ
11. ,, എ. ജോർജ്ജ്.
12. ,, പി. സി. ജോർജ്ജ്
13. ,, കെ. എം. ഹംസക്കുഞ്ഞ്
14. ,, എം. എം. ഹസ്സൻ
15. ,, എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ
16. ,, എ. എൽ. ജേക്കബ്
17. ,, റെറി. എം. ജേക്കബ്
18. ,, സി. ജി. ജനാർദ്ദനൻ
19. ,, റെറി. എസ്. ജോൺ
20. ,, എ. സി. ജോസ്
21. ഡോക്ടർ കെ. സി. ജോസഫ്
22. ശ്രീ. കെ. സി. ജോസഫ്
23. ,, പി. ജെ. ജോസഫ്
24. ,, വി. വി. ജോസഫ്

LIBRARY ARCHIVES Kerala Legislative Assembly

25. ശ്രീ. കെ. കെ. നായർ
26. ശ്രീമതി എം. കമലം
27. ശ്രീ. കെ. ജി. ആർ. കർത്താ
28. ,, ജി. കാർത്തികേയൻ
29. ,, കെ. കരുണാകരൻ
30. ,, പി. കെ. കുഞ്ഞാലിക്കുട്ടി
31. ,, മണിമംഗലത്തു കുട്യാലി
32. ,, ഇ. ജെ. ലൂക്കോസ്
33. ,, കെ. പി. എ. മജീദ്
34. ,, കെ. എം. മാണി
35. ,, കെ. മുഹമ്മദാലി
36. ,, ഇ. ടി. മുഹമ്മദ്ബഷീർ
37. ,, പി. എ. മുഹമ്മദ്കണ്ണ്
38. ,, പി. വി. മുഹമ്മദ്
39. ,, കെ. എസ്. നാരായണൻ നമ്പൂതിരി
40. ,, കെ. പി. നൂറുദ്ദീൻ
41. ,, ഉമ്മൻചാണ്ടി
42. ,, സി. വി. പത്മരാജൻ
43. ,, കെ. രാഘവൻ മാസ്റ്റർ
44. ,, രാഘവൻ പൊഴക്കടവിൽ
45. ,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ
46. ,, കെ. പി. രാമചന്ദ്രൻ നായർ
47. ,, എസ്. രാമചന്ദ്രൻപിള്ള
48. ,, കെ. പി. രാമൻ
49. ,, രമേശ് ചെന്നിത്തല
50. ,, തോപ്പിൽ രവി
51. ,, വയലാർ രവി
52. ,, എൻ. ശക്തൻ നാടാർ
53. ,, പി. സീതിഹാജി
54. ,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ
55. ,, കടവൂർ ശിവദാസൻ
56. ,, നാലകത്തുസൂപ്പി
57. ,, കെ. കെ. ശ്രീനിവാസൻ
58. ,, എൻ. ശ്രീനിവാസൻ
59. ,, പന്തളം സുധാകരൻ
60. ,, കോട്ടക്കുഴി സുകുമാരൻ
61. ,, സി. എം. സുന്ദരം
62. ,, എൻ. സുന്ദരൻ നാടാർ
63. ,, വി. സുരേന്ദ്രൻപിള്ള
64. ,, കെ. കെ. തോമസ്
65. ,, തോമസ് കല്ലംപള്ളി
66. ,, പി. കെ. വേലായുധൻ

പ്രതികൂലിക്കുന്നവർ—49

1. ശ്രീ. ടി. കെ. അബ്ദു
2. ,, കെ. പി. അരവിന്ദാക്ഷൻ
3. ,, ടി. കെ. ആറുമുഖൻ

LIBRARY ARCHIVES Kerala Legislative Assembly

4. ശ്രീ. ബേബിജോൺ
5. ,, കോടിയേരി ബാലകൃഷ്ണൻ
6. ,, സി. കെ. ചക്രപാണി
7. ,, കെ. ആർ. ചന്ദ്രമോഹനൻ
8. ,, എൻ. ചന്ദ്രശേഖരക്കുറുപ്പ്
9. ,, വി. എസ്. ചന്ദ്രശേഖരൻ പിള്ള
10. ,, സിറിയക്ക് ജോൺ
11. ശ്രീമതി കെ. ആർ. ഗൗരി
12. ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്
13. ,, ടി. കെ. ഹംസ
14. ,, കെ. ഇ. ഇസ്മയിൽ
15. ,, എം. ജിനദേവൻ
16. ,, ഇ. കെ. നായനാർ
17. ,, വി. സി. കബീർ
18. ,, കെ. ടി. കണാരൻ
19. ,, എം. കെ. കേശവൻ
20. ,, വി. കേശവൻ
21. ,, സി. ടി. കൃഷ്ണൻ
22. ,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
23. ,, കെ. ടി. കുമാരൻ
24. ,, പി. കുമാരൻ
25. ,, ലോനപ്പൻനമ്പാടൻ
26. ,, കെ. മുസ്സക്കുട്ടി
27. ,, എ. കെ. പത്മനാഭൻ
28. ,, ഇ. പത്മനാഭൻ
29. ,, കെ. പങ്കജാക്ഷൻ
30. ,, ടി. പി. പീതാംബരൻ മാസ്റ്റർ
31. ,, കെ. പി. പ്രഭാകരൻ
32. ,, കെ. പുരുഷോത്തമൻ
33. ശ്രീമതി റേയിച്ചൽ സണ്ണി പനവേലി
34. ശ്രീ. വർക്കല രാധാകൃഷ്ണൻ
35. ,, എം. വി. രാഘവൻ
36. ,, വി. കെ. രാജൻ
37. ,, കാനം രാജേന്ദ്രൻ
38. ,, എ. കെ. ശശീന്ദ്രൻ
39. ഡോക്ടർ സുബ്ബറാവു
40. ശ്രീ. കെ. വി. സുരേന്ദ്രനാഥ്
41. ,, എ. വി. താമരാക്ഷൻ
42. ,, സി. കെ. തങ്കപ്പൻ
43. ,, വി. ജെ. തങ്കപ്പൻ
44. ,, എസ്. ആർ. തങ്കരാജ്
45. ,, പി. സി. തോമസ് (കടുത്തുരുത്തി)
46. ,, ആർ. എസ്. ഉണ്ണി
47. ,, ജി. വരദൻ
48. ,, സി. വാസുദേവമേനോൻ
49. ,, പി. വിജയദാസ്

LIBRARY ARCHIVES Kerala Legislative Assembly

നിഷ്പക്ഷത പാലിച്ചവർ ആരും ഇല്ല.
അനുകൂലിച്ചവർ 66
പ്രതികൂലിച്ചവർ 49
നിഷ്പക്ഷത പാലിച്ചവർ ആരുമില്ല

1986-ലെ കേരള ധനവിനിയോഗബിൽ പാസാക്കിയതായി പ്രഖ്യാപിക്കപ്പെട്ടു.

ബിൽ സഭ പാസാക്കി.

1986-ലെ കേരള ധനവിനിയോഗ (നമ്പർ 2) ബിൽ

1986-ലെ കേരള ധനവിനിയോഗ (നമ്പർ 2) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു

2, 3 വകുപ്പുകൾ

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ടു അംഗീകരിച്ചു.

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമായിത്തീർന്നു.

പട്ടിക

പട്ടിക ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായിത്തീർന്നു.

ഒന്നാം വകുപ്പും പീഠികയും പേരും.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ടു അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിത്തീർന്നു.

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ഈ ബിൽ അവസാനമായി പാസാക്കിത്തരണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. വയലാർ രവി) : സർ, ഞാൻ അതിനെ പിന്താങ്ങുന്നു.

1986-ലെ കേരള ധനവിനിയോഗ (നമ്പർ 2) ബിൽ പാസാക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ബിൽ സഭ പാസാക്കി:

1986-ലെ കേരള ധനവിനിയോഗ (നമ്പർ 3) ബിൽ

1986-ലെ കേരള (ധനവിനിയോഗ നമ്പർ 3) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2, 3 വകുപ്പുകൾ

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

രണ്ടും മൂന്നും വകുപ്പുകളും ബില്ലിന്റെ ഭാഗമായിത്തീർന്നു.

പട്ടിക

പട്ടിക ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ടു അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായിത്തീർന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിത്തീർന്നു.

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ഈ ബിൽ അവസാനമായി പാസ്സാക്കിത്തരണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ) : സർ, ഞാൻ അതിനെ പിന്താങ്ങുന്നു.

1986-ലെ കേരള ധനവിനിയോഗ (നമ്പർ 3) ബിൽ അവസാനമായി പാസ്സാക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

1985-ലെ കേരള ധനവിനിയോഗ (നമ്പർ 4) ബിൽ

സർ, 1986-ലെ കേരള ധനവിനിയോഗ (നമ്പർ 4) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ബിൽ സഭ പരിഗണനയ്ക്കെടുത്തു.

2, 3 വകുപ്പുകളും

രണ്ടും മൂന്നും വകുപ്പുകളും ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ടു അംഗീകരിച്ചു.

രണ്ടും മൂന്നും വകുപ്പുകളും ബില്ലിന്റെ ഭാഗമായിത്തീർന്നു.

പട്ടിക

പട്ടിക ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായിത്തീർന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിത്തീർന്നു.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : ഈ ബിൽ അവസാനമായി പാസ്സാക്കിത്തരണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. വയലാർ രവി) : സർ, ഞാൻ അതിനെ പിന്താങ്ങുന്നു.

1986-ലെ കേരള ധനവിനിയോഗ (നമ്പർ 4) ബിൽ അവസാനമായി പാസ്സാക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ടു അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

മി. സ്പീക്കർ : ഇന്ന് വോട്ട് ഓൺ അക്കൗണ്ടിനെക്കുറിച്ചുള്ള ചർച്ചാവേളയിൽ ബഹുമാനപ്പെട്ട സീതിഹാജിയുടെ പ്രസംഗത്തിൽ ശ്രീ. കെ. പി. പ്രഭാകരനെപ്പറ്റി പറഞ്ഞ ചില പരാമർശനങ്ങളും രേഖയിൽ ഉണ്ടായിരിക്കുകയില്ല. *** അത് രേഖയിൽ നിന്നും നീക്കം ചെയ്യുകയാണ്.

ശ്രീ. പി. സീതിഹാജി : ഞങ്ങളെക്കുറിച്ചും ശ്രീ. പ്രഭാകരൻ പറഞ്ഞു. അതും രേഖയിൽനിന്നും നീക്കണം.

മി. സ്പീക്കർ : അങ്ങയെക്കുറിച്ച് വ്യക്തിപരമായി പറഞ്ഞിട്ടുണ്ടെങ്കിൽ അത് രേഖയിലുണ്ടാവുകയില്ല.

ശ്രീ. പി. സീതിഹാജി : എന്റെ നേതാവിനെപ്പറ്റി, ഈ സഭയിൽ ഇല്ലാത്ത ആളിനെപ്പറ്റി പറഞ്ഞു.

മി. സ്പീക്കർ : ആരെക്കുറിച്ചായാലും ഇത്തരം പ്രയോഗങ്ങളും ശരിയല്ല.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) : സർ, 'രാജ്യദ്രോഹി' എന്ന് ഈ സഭയിൽ ഏതെങ്കിലും അംഗത്തെപ്പറ്റി പറഞ്ഞിട്ടുണ്ടെങ്കിൽ അത് മുഴുവനും നീക്കംചെയ്യണം.

മി. സ്പീക്കർ : ആരെക്കുറിച്ച് പറഞ്ഞാലും നീക്കം ചെയ്യുമെന്നു പറഞ്ഞാൽപ്പിന്നെ വീണ്ടുമൊരു ചോദ്യമുണ്ടോ ?

ഇന്നത്തെ ചർച്ചാവേളയിൽ ബഹുമാനപ്പെട്ട ബേബിജോൺ സംസാരിക്കുന്നതിനിടയിൽ മരച്ചീനിയിൽനിന്ന് ചാരായം ഉണ്ടാക്കുന്നതിനെപ്പറ്റി പറഞ്ഞ പരാമർശവും രേഖയിൽ ഉണ്ടായിരിക്കുകയില്ല. ഇതു സംബന്ധിച്ച് ഹൈക്കോടതിയിൽ കേസ് നിലനിൽക്കുകയാണ്. പരിഗണനയ്ക്കിരിക്കുന്ന പ്രശ്നം സബ്ജൂഡിസാണ്. അതുകൊണ്ട് ആ പോയിന്റ് രേഖയിൽ നിന്നും നീക്കം ചെയ്യുകയാണ്.

ശ്രീ. ബേബിജോൺ : അങ്ങയുടെ റൂളിംഗ് ഞാൻ ആദരിക്കുന്നു. ഇത് സബ്ജൂഡിസല്ല. അങ്ങനെയാണെങ്കിൽ ഒരു കേസ് കോടതിയിലായാൽ അതിനെക്കുറിച്ച് ഒരക്ഷരം പറയാനൊക്കുകയില്ല. ചാരായം എന്ന ഒരു വാക്ക് ഉപയോഗിക്കാൻ ഒക്കുകയില്ല.

മി. സ്പീക്കർ : കോടതിയിലാണ് എന്നുള്ളതുകൊണ്ടല്ലേ. പക്ഷേ

.....

*** സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം സഭാനടപടികളിൽ നിന്നു നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബേബിജോൺ : എനിക്കറിയില്ല കോടതിയിൽ ഏതെല്ലാം വിഷയങ്ങളാണ് ചർച്ച ചെയ്തിരിക്കുന്നതെന്ന്.

മി. സ്പീക്കർ : അതിന്റെ മെറിറ്റിലേക്ക് പോകുന്നത് ശരിയല്ല.

ശ്രീ. ബേബിജോൺ : അങ്ങയുടെ റൂളിംഗ് ഞാൻ ആദരിക്കുന്നു. പക്ഷേ ഇങ്ങനെ പോയാൽ നമുക്കു ഒന്നും പറയാനൊക്കുകയില്ല.

മി. സ്പീക്കർ : ചെയറിന് ഈ കാര്യത്തിൽ അങ്ങനെ വലിയ റെസ്ട്രിക്ഷനൊന്നുമില്ല. പക്ഷേ ഇതിന്റെ മെറിറ്റിലേക്ക് പോകുന്നത് ശരിയല്ല. അതുകൊണ്ട് അത് രേഖയിൽ നിന്നും നീക്കം ചെയ്തിരിക്കുകയാണ്.

സഭ ഇപ്പോഴം പിരിയുന്നതും 31-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1986 മാർച്ച് 31-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 5.52-ന് സഭ പിരിഞ്ഞു.)

———

LIBRARY ARCHIVES Kerala Legislative Assembly